# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/112/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/112/2023 തീയ്യതി: 16/02/2023

## കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-10-2021 മുതൽ 08-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ് കെ.പി. | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 17-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 17-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.പി.ഹരി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.പ്രസീതകുമാരി എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീജിത്ത് കെ,വി, ഓഡിറ്റർ

ശ്രീ.ബിബിൻ ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കെ.ടി.പ്രമീള | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽകുമാർ.പി.ജി. | സെക്രട്ടറി | 01-04-2021 | 24-01-2022 |
| ശ്രീമതി അഞ്ജലി.എ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അഞ്ജലി.എ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി എ.ഇ. ഷബില | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപ.ജെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബേബിപ്രീത.കെ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ടെസ്സിമെറിൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.അൻഷാദ്.എം.എച്ച് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ശ്രീമതി സ്മിത.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.രജീഷ്.പി | വി.ഇ.ഒ | 01-04-2021 | 25-10-2021 |
| ശ്രീ.അരുൺ.ഇ | വി.ഇ.ഒ | 01-04-2021 | 29-10-2021 |
| ശ്രീമതി സ്മിത | വി.ഇ.ഒ | 26-10-2021 | 31-03-2022 |
| ശ്രീമതി ജ്യോതി. പി. | വി.ഇ.ഒ | 30-10-2021 | 31-03-2022 |
| ശ്രീ.പുരുഷു.പി | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.രഞ്ജിത്ത് ചന്ദ്ര.യു | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി. സരിത എസ്. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 11-07-2021 |

| | | | |
|---|---|---|---|
| ശ്രീമതി. ബബിത | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 12-07-2021 | 31-03-2022 |
| ശ്രീമതി. അസീന.സി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-8 |
| 9 | തൊഴിൽ നികുതി അപാകതകൾ | 1-9 |
| 10 | മത്സ്യമാർക്കറ്റ് ലേലത്തുകയിൽ 31608/-അടവാക്കിയിട്ടില്ല. | 1-10 |
| 11 | അക്വാ ടൂറിസം - മത്സ്യസഞ്ചാരി പദ്ധതി പൂർത്തിയായില്ല | 1-11 |
| 12 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹതയില്ലാത്ത വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പ് നൽകി | 1-12 |
| 13 | ജീവതാളം പദ്ധതി - ഫലപ്രദമായി നടപ്പാക്കിയില്ല | 1-13 |
| 14 | ഭിന്ന ശേഷി സ്കോളർഷിപ്പ്- അധിക തുക നൽകി | 1-14 |
| 15 | ഫോം വർക്ക് നിർവ്വഹിക്കാതെ തുക നൽകി | 1-15 |
| 16 | വയോജനങ്ങൾക്ക് കട്ടിൽ- അപാകതകൾ | 1-16 |
| 17 | റോഡ് നിർമ്മാണം- ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കിൽ ഓവർഹെഡ് ചാർജ്ജ് നൽകി | 1-17 |
| 18 | വിളയറ മല കിണർ- എസ്റ്റിമേറ്റ് പരിഗണിക്കാതെ പ്രവൃത്തി നിർവ്വഹിച്ചു | 1-18 |
| 19 | ടാക് കോട്ട് ചെയ്യതിനേക്കാൾ കൂടുതൽ ചിപ്പിംഗ് കാർപ്പറ്റ് ചെയ്തു.. | 1-19 |
| 20 | ചെയ്യാത്ത ഇനങ്ങൾക്ക് തുക നൽകി | 1-20 |
| 21 | സമയപരിധി കഴിഞ്ഞ് ഇലക്ഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകി . | 1-21 |
| 22 | കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല. | 1-22 |
| 23 | യാത്ര ബത്ത -പൊതു അപാകതകൾ . | 1-23 |
| 24 | സ്ഥിരനിക്ഷേപം നിക്ഷേപ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പലിശ ലഭിക്കുന്നില്ല | 1-24 |
| 25 | സംയുക്തപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം | 1-25 |

| | | |
|---|---|---|
| | അടവാക്കേണ്ടതാണ് . | |
| 26 | തനത് ഫണ്ടിന്റെ നിലവിലെ സ്ഥിതി | 1-26 |
| 27 | അനധികൃതമായി കൈവശം വെച്ച പുഴപുറമ്പോക്ക് സ്ഥലം തിരികെ ഈടാക്കേണ്ടതാണ് | 1-27 |
| 28 | പ്രവർത്തനമില്ലാത്ത ചിൽഡ്രൻസ് ലൈബ്രറിയിലേക്ക് ഫർണിച്ചർ വാങ്ങി | 1-28 |
| 29 | എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് - ബില്ലിൽ നിന്നും ആദായ നികുതി കുറവു ചെയ്തില്ല | 1-29 |
| 30 | കരാർ വെക്കാതെ മുൻകൂർ തുക നൽകി | 1-30 |
| 31 | തൊഴിലുറപ്പ് പദ്ധതി - ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതൽ വിലക്ക് നിർമ്മാണ വസ്തുക്കൾ സപ്ലൈ ചെയ്തു | 1-31 |
| 32 | സാമൂഹ്യ സുരക്ഷാമിഷൻ - കൈപ്പറ്റ് രശീതി ഹാജരാക്കാത്തതും മറ്റ അപാകതകളും | 1-32 |
| 33 | തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-33 |
| 34 | സ്റ്റോക്ക് രജിസ്റ്റർ തൃപ്തികരമായി സൂക്ഷിക്കാത്തതും മറ്റ അപാകതകളും | 1-34 |
| 35 | മരുന്നുകൾ സ്റ്റോക്ക് - മുൻബാക്കി കണക്കിലെടുക്കുന്നില്ല | 1-35 |
| 36 | ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകൽ - മുൻഗണനാ ക്രമം പാലിക്കുന്നില്ല | 1-36 |
| 37 | ഹരിത കർമ്മ സേന – പ്രവർത്തനം നടക്കുന്നില്ല. | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ടാക് കോട്ട് ചെയ്തതിനേക്കാൾ കൂടുതൽ ചിപ്പിംഗ് കാർപ്പറ്റ് ചെയ്തു. | 3-1 |
| 2 | ചെയ്യാത്ത ഇനങ്ങൾക്ക് തുക നൽകി | 3-2 |
| 3 | തൊഴിലുറപ്പ് പദ്ധതി - ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതൽ വിലക്ക് നിർമ്മാണ വസ്തുക്കൾ സപ്ലൈ ചെയ്തു | 3-3 |
| 4 | സമയപരിധി കഴിഞ്ഞ് ഇലക്ഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകി . | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | സമയപരിധി കഴിഞ്ഞ് യാത്രാബത്ത അനുവദിച്ചതിന്റെ വിശദാംശം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 ലെ പുതുക്കിയ/ പരിഷ്ക്കരിച്ച ബജറ്റ് 22-03-2022 തീയതിയിലെ 01(01) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ഓഡിറ്റ് വർഷം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ ഉള്ളത് |
|---|---|---|
| മുന്നിരിപ്പ് | 74,62,081 | 1,79,50,981 |
| വരവ് | 14,55,17,200 | 7,61,78,548 |
| ആകെ | 15,29,79,281 | 9,41,29,529 |
| ചെലവ് | 14,50,61,436 | 6,44,78,752 |
| നീക്കിയിരിപ്പ് | 79,17,845 | 2,96,56,777 |

മേൽ പ്രകാരം പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ വ്യത്യാസം വന്നിട്ടുണ്ട്. ഭാവിയിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല .

2.സംയുക്ത പ്രൊജക്ടിനായി ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ലഭിച്ചത് 8,35,000/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചത് 9,14,500/രൂപയുമാണ് (ഷെഡ്യൂൾ RP -7) എന്നാൽ സുലേഖയിൽ നിന്നുള്ള ചെലവു പത്രിക പ്രകാരം ബ്ലോക്ക്പഞ്ചായത്തിൽ നിന്നുള്ള ആകെ വരവ് 12,94,500/-രൂപയാണ് . ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
സുലേഖ ചെലവു പത്രിക പ്രകാരം യഥാർത്ഥത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും , ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചത് 5,05,000/- രൂപയും 8,65,000/- രൂപയുമാണ്.

3.ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല .

4 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി.4 ൽ 320300199 ഹെഡിൽ പ്രത്യേക ഉദ്ദേശ്യത്തിനായി വന്ന വിവിധ ഗ്രാന്റ് ഇനങ്ങളിൽ 37,36,226/- നീക്കിയിരുപ്പുണ്ട്. ആയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.
5.മാന്വൽ എ.സി.ആർ എഴുതി സൂക്ഷിക്കുന്നില്ല. അതുകൊണ്ട് തന്നെ B4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിശദാംശം ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 1,60,83,267 | 1,60,83,267 | 1,60,77,248 | 6,019 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 50,61,667 | 50,61,667 | 50,61,667 | 0 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് (ACR പ്രകാരം) | 97,74,000 | 97,74,000 | 20,78,028 | 76,95,972 |

| | | | | |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്(ACR പ്രകാരം) | 59,25,108 | 59,25,108 | 36,28,621 | 22,96,487 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) (ടൈഡ്) ട്രഷറി മുഖേന | 28,41,726 | 28,41,726 | 7,24,611 | 21,17,115 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) (ടൈഡ്) ബാങ്ക് മുഖേന | 50,88,000 | 50,88,000 | 25,70,224 | 25,17,776 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) (അൺടൈഡ്) ട്രഷറി മുഖേന | 9,99,816 | 9,99,816 | 6,70,578 | 3,29,238 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) (അൺടൈഡ്) ബാങ്ക് മുഖേന പലിശ 54644/-ഉൾപ്പെടെ | 43,91,816 | 43,91,816 | 36,85,092 | 7,06,724 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,79,50,981 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,61,78,548 |
| ആകെ | 9,41,29,529 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,44,78,752 |
| നീക്കിയിരിപ്പ് | 2,96,50,777 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രോജക്ടുകൾ |
|---|---|---|---|
| 155 | 115 | 5 | 35 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 155 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 115 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 1,12,44,000 | 7,495 |
| വിധവാ പെൻഷൻ | 1,71,77,200 | 11,230 |
| വാർദ്ധക്യകാല പെൻഷൻ | 3,37,08,800 | 24,163 |
| വികലാംഗ പെൻഷൻ | 54,19,500 | 3,431 |

| | | |
|---|---|---|
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 29,35,200 | 1,941 |
| വിവാഹധനസഹായം | 4,50,000 | 15 |

## 1-7 ക്യാഷ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-01-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേബുക്ക് പ്രകാരമുള്ള ആകെ 16110/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതുമാണ്. ചട്ടം 5 പ്രകാരം ഒന്നാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം | ലൈസൻസ് ഇല്ലാത്ത കെട്ടിടങ്ങളുടെ എണ്ണം | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 155 | 72 | 17 | 66 |
| 2 | 126 | 47 | 21 | 58 |
| 3 | 76 | 13 | 29 | 34 |
| 4 | 85 | 35 | 16 | 34 |
| 5 | 81 | 14 | 18 | 49 |
| 6 | 93 | 24 | 7 | 62 |
| 7 | 72 | 18 | 13 | 41 |
| 8 | 93 | 14 | 41 | 38 |
| 9 | 57 | 13 | 3 | 41 |

| | | | | |
|---|---|---|---|---|
| 10 | 85 | 31 | 16 | 38 |
| 11 | 260 | 112 | 26 | 122 |
| 12 | 94 | 30 | 17 | 47 |
| 13 | 31 | 13 | 5 | 13 |
| 14 | 191 | 49 | 37 | 105 |
| 15 | 24 | 1 | 8 | 15 |
| 16 | 264 | 101 | 13 | 150 |
| 17 | 116 | 23 | 32 | 61 |
| | 1903 | 610 | 319 | 974 |

വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 1903 കെട്ടിടങ്ങളിൽ 2021-22 ൽ ആകെ അനുവദിക്കപ്പെട്ട 528 എഫ് ടി ഇ എ & ഒ എസ് ലൈസൻസുകൾക്കായി 610 കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്, വാർഡ് ക്ലാർക്കുമാർ ഫീൽഡ് പരിശോധന നടത്തിയതിൽ പഞ്ചായത്ത് പരിധിയിൽ വാണിജ്യ/ വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 319 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തിയെങ്കിലും ഈ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 24/2021-22 തിയതി. 17.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസ് അടവാക്കാൻ ബാധ്യസ്ഥമായ മുഴവൻ സ്ഥാപങ്ങളിൽ നിന്നും ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മുഴവൻ സ്ഥാപങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

## 1-9 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽനികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നല്കി നിശ്ചിത ഫോറത്തിൽ വിവരങ്ങൾ വാങ്ങേണ്ടതാണ്. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് അവരുടെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാർ, ഉദ്യോഗസ്ഥർ, കരാറുകാർ എന്നിവരുടെ പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റും അങ്ങനെ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം നികുതി റിട്ടേൺ എല്ലാ സ്ഥാപനങ്ങളോടും ആവശ്യപ്പെടാവുന്നതാണ്.

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ, ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

1.) എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പവരുത്തുന്നില്ല.

ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 67 സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നല്കി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ സ്ഥാപന മേധാവികൾ സമർപ്പിക്കുകയും തൊഴിൽനികുതി പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള എഫ്.ടി.ഇ.എ&ഒ.എസ് ലൈസൻസ് അപേക്ഷകൾ, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചതായി കാണുന്നില്ല.

| ക്രമ നം | വാർഡ് / കെട്ടിട നം | ലൈസൻസ് നം. | സ്ഥാപനം/ തൊഴിലുടമ യുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 16/53 C, D | 159/21-22 | അൽ നജ്മം റസ്റ്റോറന്റ്, മുഹമ്മത് ഷിബിൻ പി. | 3 |
| 2 | 6/409,410 | 166/21-22 | സ്മാർട്ട് സെറാമിക്സ്, ഹരീഷ് കുമാർ. യു.കെ. | 4 |
| 3 | 11/381 A | 273/21-22 | ZEUS International, അസീസ് ടി.വി. | 8 |
| 4 | 12/410 C,410 D, 410 E | 276/21-22 | ടീ ഷോപ്പ്, റഫീസ് ടി.കെ. | 4 |
| 5 | 1/640, 641, 642A, 643A, 643B | 293/21-22 | കാർ ആക്സസ്സറീസ്, ഖാലിദ് ഇബ്രാഹിം ഹാജി | 3 |
| 6 | 16/83 | 294/21-22 | മോഡേൺ ബേക്കറി, പ്രജീഷ് കെ.കെ. | 3 |
| 7 | 16/598 | 303/21-22 | ഫർണിച്ചർ നിർമ്മാണം, ജ്യോതിപ്രകാശ്. കെ | 2 |
| 8 | 11/620 A | 313/21-22 | Cliffhanger Material World, ഷമീം കെ.വി | 2 |
| 9 | 7/149 A | 317/21-22 | ജീവ ഫാം, ഷിജി വി. | 3 |
| 10 | 11/315 B | 330/21-22 | ഇടശ്ശേരി ജ്വല്ലേഴ്സ്, റഊസ് | 2 |

| | | | | |
|---|---|---|---|---|
| 11 | 9/233 | 331/21-22 | ശോഭ ഇന്റർലോക്ക്, ഷജീഷ് കെ. | 3 |
| 12 | 3/182 A | 375/21-22 | G.S.സിമന്റ്ബ്രിക്സ്, അസിൻ | 3 |
| 13 | 11/100 A | 381/21-22 | സവൻസ് & കമ്പനി, ഉമറുൽ ഫാറുഖ് ടി. | 3 |
| 14 | 13/402 | 397/21-22 | ലുലു മിനി സൂപ്പർമാർക്കറ്റ്, അബൂബക്കർ | 2 |

തൊഴിലാളികളുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന റിട്ടേൺ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഫോറം ഒന്നിൽ നോട്ടീസ് നല്കുകയോ സ്ഥാപന ഉടമകൾ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ ഈ ജീവനക്കാർ തൊഴിൽ നികുതിപരിധിയിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ട്.

2.) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പേര് / വിലാസം |
|---|---|
| 1 | ശ്രീ. മനോഹരൻ കെ. |
| 2 | ശ്രീ. മൊയ്തീൻകോയ |
| 3 | അഞ്ജന കൺസ്ട്രക്ഷൻസ് |
| 4 | ശ്രീ. റിജേഷ് എം.കെ. |
| 5 | ശ്രീ. അശോകൻ എം. |
| 6 | ശ്രീ. സുരേഷ് കുമാർ |
| 7 | ശ്രീ. റിത്തു എം.വി. |
| 8 | ശ്രീ. ഉദയകുമാർ |
| 9 | ശ്രീ. അഷ്റഫ് വി. |

| | |
|---|---|
| 10 | ശ്രീ. രാമചന്ദ്രൻ |
| 11 | ശ്രീ. ബൈജു സി. |
| 12 | ശ്രീ. സുനിൽ ഇ. |
| 13 | ശ്രീ. എം. കെ. നാരായണൻ |
| 14 | ശ്രീ. ഷമേജ് |
| 15 | ശ്രീ. രാധാകൃഷ്ണൻ ഒ.എം. |
| 16. | ഒമാൻ പ്രോജക്ട്സ് |
| 17. | ശശീന്ദ്രൻ |
| 18. | വിനോദ് എം. |

കരാറുകാർ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

(3) തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടില്ല.

വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 1903 കെട്ടിടങ്ങളിൽ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 610 കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി 528 സ്ഥാപനങ്ങൾക്ക് എഫ്.ടി.ഇ.എ & ഒ.എസ് ലൈസൻസ് അനുവദിക്കുകയും തൊഴിൽനികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. വാർഡ് ക്ലാർക്കുമാർ ഫീൽഡ് പരിശോധന നടത്തിയതിൽ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന 319 സ്ഥാപനങ്ങളെ കണ്ടെത്തിയെങ്കിലും ഈ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യുന്നതിനാൽ ബാക്കി കെട്ടിടങ്ങൾക്ക് ലൈസൻസ് എടുക്കാത്തതിനാൽ തൊഴിൽനികുതിയും അടവാക്കിയിട്ടില്ല.

അപാകത സൂചിപ്പിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (എൻക്വയറി നം- 25/21-22 തിയ്യതി. 17/01/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 മത്സ്യമാർക്കറ്റ് ലേലത്തുകയിൽ 31608/-അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ലേല രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പറമ്പത്ത് അങ്ങാടിയിലുള്ള മത്സ്യമാർക്കറ്റ് 20.03.2019 ന് നടന്ന ലേലത്തിൽ 2019-20 വർഷത്തേക്ക് അബിജിത്ത്. കെ, കൊളങ്ങരക്കണ്ടി എന്നവർക്ക് 1,23,200/- രൂപക്ക് ലേലം ഉറപ്പിച്ച് നൽകിയിട്ടുണ്ട്. ടിയാനുമായുള്ള 01.05.2019 ലെ എഗ്രിമെന്റ് പ്രകാരം ലേലത്തുകയിലെ അവസാനഗഡു 2019 ഒക്ടോബർ 1 ന് പഞ്ചായത്തിൽ അടയ്ക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെയായി ലേലത്തുക അവസാന ഗഡു അടവാക്കിയിട്ടില്ല

| | അടവാക്കേണ്ട തുക | അടവാക്കിയ തുക | ബാക്കി |
|---|---|---|---|
| ലേല തുക | 1,23,200 | 1,13,402 | 9,798 |
| ജി.എസ്.ടി. (18%) | 22,176 | 1,514 | 20,662 |
| ഫ്ലഡ് സെസ്സ് (1%) | 1,232 | 84 | 1,148 |
| ആകെ | 1,46,608 | 1,15,000 | 31,608 |

ലേലത്തുകയായ 1,23,200/- രൂപയിൽ നാളിതുവരെയായി ലേലത്തുക 1,13,402/- രൂപയും ജി.എസ്.ടി, 1514/- രൂപയും പ്രളയ സെസ്സ് 84/- രൂപയും മാത്രമാണ് അടച്ചിട്ടുള്ളത്. മത്സ്യമാർക്കറ്റ് ലേലത്തുകയിൽ അടയ്ക്കാൻ ബാക്കിയുള്ള 31608/- രൂപ (ജി.എസ്.ടി, പ്രളയ സെസ്സ് ഉൾപ്പെടെ) പിഴ എന്നിവ ഉൾപ്പെടെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ (ഖ. നം.1-10 ) പരാമർശിച്ചിട്ടുണ്ടെങ്കിലും തുക ഈടാക്കുന്നതിന് 27-10-2021 ന് കത്ത് നൽകിയതല്ലാതെ തുക ഈടാക്കിയിട്ടില്ല. നഷ്ടതുക, മത്സ്യമാർക്കറ്റ് ലേലംകൊണ്ട ആളിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-11 അക്വാ ടൂറിസം - മത്സ്യസഞ്ചാരി പദ്ധതി പൂർത്തിയായില്ല

ഗ്രാമ/ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയാണ് മത്സ്യസഞ്ചാരി, അക്വാ ടൂറിസം പദ്ധതി. ജില്ലയിലെ ഉൾനാടൻ മേഖലയിൽ അക്വാ ടൂറിസം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കിയ ഈ പദ്ധതിയിൽ മത്സ്യകൃഷിയിലും, അക്വാ ടൂറിസം രംഗത്തും പ്രവൃത്തിയുടെ ഗുണഭോക്താക്കൾക്ക് 3 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ നൽകാനാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതിൽ ജില്ലാപഞ്ചായത്ത് വിഹിതം 2 ലക്ഷം രൂപയും, ഗ്രാമപഞ്ചായത്ത് വിഹിതം 1 ലക്ഷം രൂപയുമാണ് വകയിരുത്തിയത്. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായ ഒരു ലക്ഷം രൂപ കൈമാറാനാണ് പദ്ധതിയിൽ വ്യക്തമാക്കിയത്(പ്രോജക്ട് നമ്പർ 155/22 പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് വിഹിതമായ ഒരു ലക്ഷം രൂപ (തനത് ഫണ്ട്) വൗച്ചർ നമ്പർ 22100250/4.12.21 പ്രകാരം ഗുണഭോക്താവായ ശ്രീ രാജു ടി യുടെ ഫെഡറൽ ബാങ്ക് അക്കൗണ്ട് നമ്പർ 1071000100000548 ലേയ്ക്ക് കൈമാറി.

പദ്ധതി നടത്തിപ്പിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1) പ്രോജക്ട് പ്രകാരം തുക നിർവ്വഹണ ഉദ്യോഗസ്ഥർ കൈമാറണമെന്ന് വ്യക്തമാക്കിയെങ്കിലും, തുക നേരിട്ട് ഗുണഭോക്താവിന് അനുവദിക്കുകയാണുണ്ടായത്.

2) ചെലവിനാധാരമായ വൗച്ചറുകൾ 108116 രൂപക്ക് ഉള്ളത് ഹാജരാക്കിയ മുറയ്ക്കാണ് തുക ഗുണഭോക്താവിന് നൽകിയത്. ഫിഷ് ഫാമിന്റെ പബ്ലിക് അക്വേറിയം, ടെമ്പററി ഫാമിംഗ് എന്നിവയ്ക്കാണ് ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയത്. സ്ഥലപരിശോധനയിൽ ഫിഷ് ഫാമിംഗ്, പബ്ലിക് അക്വേറിയം എന്നിവ ചെയ്തതായി കാണുന്നില്ല. കൂടാതെ ഇതിന്റെ ഭാഗമായി വാങ്ങിയ കുട്ടതോണി രണ്ടും നശിച്ച നിലയിലാണ്. സ്പോർട്സ് കൗൺസിലിന്റെയും കുറച്ച് ഫൈബർ തോണികൾ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നതായി കാണുന്നു. ഈ പദ്ധതിയിൽ വിഭാവനം ചെയ്ത മത്സ്യകൃഷി ചെയ്തതായും കാണുന്നില്ല. ചുരുക്കത്തിൽ പദ്ധതി നടപ്പാക്കിയത് പരാജയപ്പെട്ടതായി കാണുന്നു.

3) തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ അനിൽ കോരാമ്പ്രയുടെ സ്ഥലത്താണ് അക്വാ ടൂറിസം

പദ്ധതിയിൽ സ്ഥലം ഏറ്റെടുത്തത്. എന്നാൽ ഈ പദ്ധതിയുടെ ഗുണഭോക്താവായ രാജു.ടി സ്ഥലം ഏറ്റെടുത്തപ്പോൾ ഒരു കരാറും ചമച്ചതായി കാണുന്നില്ല. കൂടാതെ വാർഡ് മെമ്പറുമായി നേരിൽ സംസാരിച്ചതിൽ പ്രസ്തുത സ്ഥലം വാടക ഇല്ലാതെ വിട്ട് നൽകിയതായി വ്യക്തമാകുന്നു. എന്നാൽ അതിന് യാതൊരു എഗ്രിമെന്റും വെച്ചതായി കാണുന്നില്ല. മതിയായ രേഖകൾ വെക്കാതെ തുക കൈമാറിയത് ശരിയായ നടപടിയല്ല.

മത്സ്യസഞ്ചാരി എന്ന ഈ പദ്ധതി പ്രാവർത്തികമാക്കാനും നല്ല രീതിയിൽ പ്രവർത്തിക്കാനും ആവശ്യമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

1-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹതയില്ലാത്ത വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പ് നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ (പ്രോജക്ട് നമ്പർ 5/22) ബിൽ നമ്പർ 2116035201980068862O/ തീയതി 23.11.2021 പ്രകാരം 10 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ്(കൈ) 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാറുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന വിവിധ കോഴ്സുകൾക്ക് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. ഇവിടെ മേൽ ബിൽ പ്രകാരം അനുവദിച്ച സ്കോളർഷിപ്പ് 10 വിദ്യാർത്ഥികൾക്ക് ആണെങ്കിലും അതിൽ ആതിര എന്ന വിദ്യാർത്ഥി കോ-ഓപ്പറേറ്റീവ് കോളേജ് ഓഫ് ആർട്സ് & സയൻസ് എന്ന പാരലൽ കോളേജ് വിദ്യാർത്ഥിയാണ്. കൂടാതെ അർച്ചന കെ.പി എന്ന വിദ്യാർത്ഥി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി, കൊയിലാണ്ടി എന്ന സ്വകാര്യ സ്ഥാപനത്തിലെ ലാബ് ടെക്നീഷ്യൻ ഡിപ്ലോമ കോഴ്സ് വിദ്യാർത്ഥിനിയാണ്. ഇത് DME അംഗീകരിച്ച കോഴ്സ് അല്ല.

സർക്കാർ അംഗീകൃതമല്ലാത്ത കോഴ്സ് പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് അനുവദിച്ചത് ഉത്തരവിന് വിരുദ്ധമായതിനാൽ ഈ നടപടിയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. തുക ഉത്തരവാദിയായ വിദ്യാർത്ഥികളിൽ നിന്ന് തിരികെ ഈടാക്കി പ്ലാൻഫണ്ടിൽ അടവാക്കേണ്ടതാണ് .

1-13 ജീവതാളം പദ്ധതി - ഫലപ്രദമായി നടപ്പാക്കിയില്ല

തലക്കുളത്തൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള എടക്കര സബ്സെന്ററിൽ ജീവതാളം പദ്ധതി നടപ്പാക്കാനാണ് പ്രോജക്ട് നമ്പർ 96/22 എന്നതുകൊണ്ട് ഉദ്ദേശിച്ചത്. ഇതിന്റെ ഭാഗമായി വൗച്ചർ നമ്പർ 22100723/30.03.2022 പ്രകാരം 192000 രൂപ തനത്ഫണ്ടിൽ നിന്ന് മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ സജ്ജീകരിക്കുക എന്നതാണ് ജീവതാളം കൊണ്ട് ലക്ഷ്യമിട്ടത്. 142000 രൂപയ്ക്ക് ട്രെഡ്മിൽ, ട്വിൻബൈക്ക്, ഓർബിറ്റ് ട്രാക്ക്, ഡബിൾ ട്വിസ്റ്റർ എന്നിവ ഓരോന്ന് വീതം വാങ്ങിയിട്ടുണ്ട്. കൂടാതെ സബ് സെന്ററിന്റെ മുകൾഭാഗം ഷീറ്റിടുന്നതിന് 50000 രൂപ ക്വട്ടേഷൻ ക്ഷണിച്ച് നാരായണൻ എം.കെ. എന്ന വ്യക്തിയ്ക്കും നൽകി. 16.01.2023 ന് നടന്ന സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) 142000 രൂപയ്ക്ക് മേൽ ഉപകരണങ്ങൾ വാങ്ങിച്ചത് ഓറിയന്റൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇത് സബ്സെന്ററിന്റെ മുകളിൽ ഇറക്കി വെച്ചതല്ലാതെ പ്രവർത്തിപ്പിച്ചതായി കാണുന്നില്ല. ഉപകരണങ്ങൾ ഉപകാരപ്രദമാക്കാനും, (ട്രെയിനർ ഉൾപ്പെടെ നിയമിച്ച്) പദ്ധതി ഫലപ്രാപ്തിയിൽ എത്തിയ്ക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മേൽ ഉപകരണങ്ങൾ ഉപയോഗിക്കാൻ സബ്സെന്ററിന്റെ മുകളിൽ ഇരുമ്പ് ട്രെസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ട് വീതിയിലാണ് സജ്ജീകരിച്ചത്. ഇത് ക്വട്ടേഷൻ പ്രവൃത്തിയായാണ് ചെയ്തത്. 50000 രൂപ പ്രവൃത്തി ചെയ്ത വ്യക്തിയ്ക്ക് നൽകിയതല്ലാതെ ഇതിന് എസ്റ്റിമേറ്റ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ മെഷർ ചെയ്ത ചെക്ക് മെഷർ ചെയ്തതായും കാണുന്നില്ല. ഇതിൽ നിന്നും 50000 രൂപയ്ക്കുള്ള പ്രവൃത്തി ആണോ ചെയ്തതെന്നും വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-14 ഭിന്ന ശേഷി സ്കോളർഷിപ്പ്- അധിക തുക നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 7/22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 14,00,000 |
| ചെലവ് | 10,55,400 |
| ബിൽ വിശദാംശം | 50/22 Dt. 16.09.2021, ബിൽ തുക. 1,45,200 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നം. 7/22) ശ്രീ.മുഹമ്മദ് ഇർഷാദ്, അരിയാലി, തലക്കുളത്തൂർ എന്ന ഗുണഭോക്താവിന് 14000 രൂപ നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ അപേക്ഷകന്റെ കോഴ്സ് 02.07.2021 തിയ്യതിയിൽ അവസാനിച്ചതാണ്. തുടർന്നുള്ള കാലയളവിൽ ശ്രീ. മുഹമ്മദ് ഇർഷാദ് വിദ്യാർത്ഥിയായിരുന്നു എന്ന് തെളിയിക്കുന്ന രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുമില്ല. മേൽ സാഹചര്യത്തിൽ കോഴ്സ് കാലയളവിന് ആനുപാതികമായല്ലാതെ സ്കോളർഷിപ്പ് അനുവദിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒരു വർഷത്തേക്ക് 28500 രൂപയാണ് മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ട തുക. ശ്രീ.മുഹമ്മദ് ഇർഷാദിന് പഠന കാലയളവായ മൂന്ന് മാസത്തേക്ക് 9500 രൂപയുടെ അർഹതയാണുള്ളത്. (സ്കോളർഷിപ്പ് 3x1000= 3000, യാത്രാബത്ത 3x1000= 3000, വസ്ത്രങ്ങൾക്കുള്ള ബത്ത-1500, പഠന സഹായികൾക്ക്/വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത -2000). ഗുണഭോക്താവിന് 4500 രൂപയാണ് അധികം വിതരണം ചെയ്തിട്ടുള്ളത്.

വിദ്യാർത്ഥിയുടെ പഠനകാലയളവിന് ആനുപാതികമായി അർഹതാ തുക പരിമിതപ്പെടുത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥ വീഴ്ച വരുത്തിയിട്ടുണ്ട്. ചെലവനുവാദം നൽകിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ചെലവിന്റെ കൃത്യത പരിശോധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. അധികമായി വിതരണം ചെയ്ത 4500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 ഫോം വർക്ക് നിർവ്വഹിക്കാതെ തുക നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 104/22, കാരയാട്ട് മീത്തൽ റോഡ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| അടങ്കൽ | 3,50,000 |
| ചെലവ് | 3,50,000 |
| ബിൽ വിശദാംശം | 183/ 29-01-<br>2022 |
| കരാറുകാരൻ | അശോകൻ.എം. |
| എഗ്രിമെന്റ് നമ്പർ | AE/LSGD/TKR/05/21-22 Dt.28.10.2021 |
| എസ്റ്റിമേറ്റ് നമ്പർ | 2021/46474 |
| എം ബുക്ക് നം | 62/2022 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord SOR 75.8.1 പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത്. 16.1.23 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ കാരയാട്ട് മീത്തൽ റോഡ് (പ്രോജക്ട് നം.104/22) എന്ന പ്രവൃത്തിക്ക് ഫോം വർക്ക് ചെയ്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ഇരുവശത്തും കയ്യാലയും മതിലുകളുമുള്ള റോഡിന് ഫോം വർക്ക് ആവശ്യമില്ലെന്നത് വ്യക്തമാണ്. കോൺക്രീറ്റിംഗിന് മാത്രമായി 3,20,725 രൂപ ചെലവ് വന്നിട്ടുണ്ട്. 12,829 രൂപ ഫോം വർക്ക് ഇനത്തിൽ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും നാല് ശതമാനം ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. എല്ലാ കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികൾക്കും ആവശ്യകത പരിഗണിക്കാതെ ഇതേ ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 75.8.1 എന്ന ഇനം അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായിട്ടുണ്ട്.

ഫോം വർക്ക് ഒഴിവാക്കിയ ഒബ്സർവ്ഡ് ഡാറ്റ സ്വീകരിച്ചും (Mord 75.8.1.1 A) ബിൽ തയ്യാറാക്കുന്ന വേളയിൽ ഫോം വർക്കിനുള്ള തുക ഒഴിവാക്കിയും അപാകത പരിഹരിക്കാനുള്ള അവസരം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രയോജനപ്പെടുത്തിയിട്ടില്ല. മറ്റ് പ്രവൃത്തികളിലും സമാനമായ അപാകത സംഭവിച്ചിരിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-16 വയോജനങ്ങൾക്ക് കട്ടിൽ- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 20/22, വയോജനങ്ങൾക്ക് ആശ്വാസമഞ്ചം |

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 4,13,250 |
| ചെലവ് | 1,82,685 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് ആശ്വാസ മഞ്ചം എന്ന പദ്ധതി പ്രകാരം ( പ്രോജക്ട് നം. 20/22 ) 1,82,685 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലും ആസൂത്രണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 2018-19 മുതൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ ജനറൽ വിഭാഗത്തിലും അസിസ്റ്റന്റ് സെക്രട്ടറി എസ്.സി വിഭാഗത്തിനുമായി മേൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. മേൽ പദ്ധതിയുടെ അനിവാര്യത വ്യക്തമാക്കുന്ന യാതൊരു ഡാറ്റയുടെയും പിൻബലമില്ലാതെയാണ് പദ്ധതിയുടെ അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്. കട്ടിൽ ആവശ്യമുള്ള ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ചതെങ്ങനെയെന്നും നാളിതുവരെ എത്ര കട്ടിലുകൾ വിതരണം ചെയ്തെന്നും, ഇനി എത്ര പേർക്ക് കട്ടിൽ വിതരണം ചെയ്യാനുണ്ടെന്നും വ്യക്തമല്ല.
2. 2021-22 വർഷത്തിൽ 206 അപേക്ഷകൾ ലഭിച്ചതിൽ 47 പേർക്കാണ് കട്ടിൽ നൽകിയിട്ടുള്ളത്. അപേക്ഷകരിൽ 48 പേർക്ക് കൂടി അർഹതയുണ്ടായിരുന്നെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലും അർഹതയുണ്ടായിരുന്ന മുഴുവൻപേർക്കും വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിലെ ഗുണഭോക്താക്കളായിരുന്നിട്ടും ആനുകൂല്യം ലഭിക്കാത്തവർക്ക് തൻവർഷം മുൻഗണന നൽകിയതായി കാണുന്നില്ല.
3. അപേക്ഷാ ഫോറങ്ങൾ പരിശോധിച്ചതിൽ ഗ്രാമസഭ മുൻഗണനാക്രമം നിശ്ചയിച്ചതിലും അപാകതകൾ ഉള്ളതായി കാണുന്നു. ഉദാ- ആമിനാബി കോരോത്ത് എന്ന ഗുണഭോക്താവിന് 100 ൽ 80 മാർക്കാണ് ഗ്രാമസഭ നൽകിയിട്ടുള്ളത്. വയസ്സിന്റെ അടിസ്ഥാനത്തിൽ 30 ൽ 10 മാർക്ക് നൽകിയിട്ടുള്ള ഗുണഭോക്താവിന് മറ്റ് മുൻഗണനാ മാനദണ്ഡങ്ങൾ (വിധവ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ) ബാധകമല്ലാതിരുന്ന സാഹചര്യത്തിലും 100 ൽ 80 മാർക്ക് നൽകിയത് എങ്ങനെയെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2018-19 മുതൽ എല്ലാ വർഷവും വയോജന ക്ഷേമമേഖലയിൽ കട്ടിൽ വിതരണം എന്ന പദ്ധതിയാണ് സ്ഥാപനം ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് അസിസ്റ്റന്റ് സെക്രട്ടറിയും സമാനമായ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ വയോജന ക്ഷേമമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ടതും മുൻഗണന നൽകി പരിഹരിക്കേണ്ടതുമായ വെല്ലുവിളി വയോജനങ്ങൾക്ക് മതിയായ കട്ടിലുകളില്ലാത്തതാണെന്നത് വർക്കിംഗ് ഗ്രൂപ്പും സ്ഥാപനവും തിരിച്ചറിഞ്ഞതെങ്ങനെയെന്നത് വ്യക്തമല്ല. പദ്ധതിയുടെ അനിവാര്യതയെ സാധൂകരിക്കുന്ന യാതൊരു ഡാറ്റയും സ്റ്റാറ്റസ് റിപ്പോർട്ടിലോ നിർവ്വഹണ ഉദ്യോഗസ്ഥയുടെ കൈവശമോ ഇല്ലെന്നതും പ്രസക്തമാണ്. വയോജനങ്ങൾ നേരിടുന്ന യഥാർത്ഥ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് പരിഹരിക്കുന്നതിന് പകരം മാർഗ്ഗരേഖയിലെ വാർപ്പ് മാതൃകാ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന നിലപാടാണ് വർക്കിംഗ് ഗ്രൂപ്പ് പിന്തുടരുന്നത്. പദ്ധതിയുടെ അനിവാര്യതയെ സാധൂകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ വയോജനങ്ങൾ, കട്ടിലുകൾ ഇല്ലാത്ത വയോജന ഭവനങ്ങൾ, സ്വന്തം നിലയ്ക്ക് കട്ടിലുകൾ വാങ്ങുന്നതിന് സാമ്പത്തിക ശേഷിയില്ലാത്തവർ, നാളിതുവരെ വിതരണം ചെയ്ത കട്ടിലുകൾ എന്നീ വിവരങ്ങൾ ശേഖരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

.

1-17 റോഡ് നിർമ്മാണം- ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കിൽ ഓവർഹെഡ് ചാർജ്ജ് നൽകി

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ, പേര് | 124/22 പാലാക്കണ്ടി റോഡ് | 95/22 സബ് സെന്റർ വാഴപ്പാടത്തിൽ റോഡ് റീ ടാറിംഗ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 2,50,000 | 4,25,000 |
| ചെലവ് | 2,49,395 | 4,08,268 |
| ബിൽ വിശദാംശം | 91/ 25-10-2021 | 344/ 30-03-2022 |
| കരാറുകാരൻ | സുരേഷ് കുമാർ | സുരേഷ് കുമാർ |
| എഗ്രിമെന്റ് നമ്പർ | AE/LSGD/TKR/07/ 21-22 Dt.05.11.2021 | AE/LSGD/TKR/07/21-22 Dt.05.11.2021 |
| എസ്റ്റിമേറ്റ് നമ്പർ | 2020/60493 | 2021/46637 |
| എം ബുക്ക് നം | 139/2019-20 | 24,25/2022 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 124/22 പാലാക്കണ്ടി റോഡ് പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള DRY RUBBLE MASONRY ഇനത്തിന് (ഒബ്സർവ്ഡ് ഡാറ്റ 60.7.1) ഘനമീറ്ററിന് 2515.43 രൂപ നിരക്കിലും പ്രോജക്ട് നമ്പർ 95/22 സബ് സെന്റർ വാഴപ്പാടത്തിൽ റോഡ് റീ ടാറിംഗ് പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള DRY RUBBLE MASONRY ഇനത്തിന്(ഒബ്സർവ്ഡ് ഡാറ്റ 1267226/2021-22) ഘനമീറ്ററിന് 2620.47 രൂപ നിരക്കിലും ആണ് കരാറുകാരന് തുക അനുവദിച്ചത്. ഡാറ്റ പരിശോധിച്ചതിൽ സബ് സെന്റർ വാഴപ്പാടത്തിൽ റോഡ് റീ ടാറിംഗ് CP-OH എന്നിവ പാലാക്കണ്ടി റോഡ് പദ്ധതിയുടെ എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 5% അധികം അനുവദിച്ചതായി കാണുന്നു. നിരക്കിലെ വ്യതിയാനം മൂലം 105.04 രൂപ നിരക്കിൽ 16.05 ഘനമീറ്ററിന്

GST ഉൾപ്പെടെ 1888 രൂപയാണ് കരാറുകാരന് അധികം നൽകിയിട്ടുള്ളത്. ഇത്തരത്തിൽ സ്ഥാപനതലത്തിൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി അധിക നിരക്കിൽ ഓവർഹെഡ് ചാർജസ് നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കുന്ന ഒബ്സർവ്ഡ് ഡാറ്റകളുടെ ആധികാരികത പരിശോധിക്കുന്നതിൽ വെറ്റിംഗ് ഓഫീസർ വീഴ്ച വരുത്തിയത് വിശദീകരിക്കേണ്ടതുമാണ്.

1-18 വിളയറ മല കിണർ- എസ്റ്റിമേറ്റ് പരിഗണിക്കാതെ പ്രവൃത്തി നിർവ്വഹിച്ചു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 141/22, വിളയറമല കിണർ നെറ്റിടൽ |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 90000 |
| ചെലവ് | 90000 |
| ബിൽ വിശദാംശം | 236 Dt. 28.02.2022 |
| കരാറുകാരൻ | റിജ്ജു.എം.വി |
| എഗ്രിമെന്റ് നമ്പർ | AE/LSGD/TKR/18/21-22 Dt.10.11.2021 |
| എസ്റ്റിമേറ്റ് നമ്പർ | 2021/46469 |
| എം ബുക്ക് നം | 127/2019-20 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 141/22 വിളയാറമല കിണർ നെറ്റിടൽ പദ്ധതി എസ്റ്റിമേറ്റ് പ്രകാരം 5 മീറ്റർ വ്യാസത്തിൽ ചതുരശ്ര മീറ്ററിന് 26 കിലോഗ്രാം CF വരുന്ന നെറ്റ് സ്ഥാപിക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തിയിരുന്നു. എസ്റ്റിമേറ്റ് പ്രകാരം 510.25 KG ആണ് പ്രവൃത്തിക്ക് ആവശ്യമുള്ളത്. (1/4x3.14x5x5x26=510.25 KG). എന്നാൽ 16.1.23 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയതിൽ നിന്നും എം ബുക്കിൽ രേഖപ്പെടുത്തിയ 4.1 മീറ്റർ വ്യാസത്തിൽ മാത്രമെ പ്രവൃത്തി നിർവ്വഹിക്കേണ്ടി വന്നിട്ടുള്ളൂ എന്നത് വ്യക്തമായിട്ടുണ്ട്. 4.1 മീറ്റർ വ്യാസത്തിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് 343.0921 KG മാത്രമെ ആവശ്യമുള്ളൂ എന്നിരിക്കെ (1/4x3.14x4.1x4.1x26=343.0921 KG) 537 കിലോ ഗ്രാമിനുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. 193.9 Kg ക്ക് 147.38 രൂപ നിരക്കിൽ GST ഉൾപ്പെടെ 32006 രൂപയാണ് കരാറുകാരന് അധികം അനുവദിച്ചത്. അപാകതക്ക് വിശദീകരണം നൽകുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തിയതിന് ഭരണസമിതിയുടേയോ വെറ്റിംഗ് ഓഫീസറുടെയോ അംഗീകാരം ലഭിച്ചിട്ടില്ല. 32,006 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ടാക് കോട്ട് ചെയ്തതിനേക്കാൾ കൂടുതൽ ചിപ്പിംഗ് കാർപ്പറ്റ് ചെയ്തു..

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 92/22, മനത്താനത്ത് ക്ഷേത്രം ബാലവാടി റോഡ് റീടാറിംഗ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| അടങ്കൽ | 4,00,000 |
| ചെലവ് | 4,00,000 |
| ബിൽ വിശദാംശം | 184/ 29-01-2022,<br>187/ 29-01-2022 |
| കരാറുകാരൻ | റിത്തു.എം.വി |
| എഗ്രിമെന്റ് നമ്പർ | AE/LSGD/TKR/15/21-22 Dt.10.11.2021 |
| എസ്റ്റിമേറ്റ് നമ്പർ | 2021/46597 |
| എം ബുക്ക് നം | 60/2022 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 92/22 പദ്ധതി പ്രകാരം 292 മീറ്ററിൽ റോഡ് ടാറിംഗ് ആണ് ആസൂത്രണം ചെയ്തിട്ടുള്ളത്. എം ബുക്ക് പ്രകാരം Prime Coat, Tack Coat എന്നിവ 285 മീറ്റർ ചെയിനേജിലാണ് നിർവ്വഹിച്ചിട്ടുള്ളത്. 20mm Thick Open-Graded Bituminous Premix Carpet , Seal Coat എന്നിവ 300 മീറ്റർ നീളത്തിൽ ചെയ്തതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 16..1.23 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയതിൽ പ്രസ്തുത പ്രവൃത്തി ചെയ്ത ചെയിനേജ് ഓഡിറ്റിനെ കാണിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. Prime Coat, Tack Coat എന്നിവ നിർവ്വഹിക്കാത്ത 15 മീറ്റർ ചെയിനേജിൽ 20mm Thick Open-Graded Bituminous Premix Carpet , Seal Coat എന്നിവ എങ്ങനെ നിർവ്വഹിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കേണ്ടതും അപാകതകക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എം.ബുക്ക് പ്രകാരം അവസാനത്തെ 15 മീറ്റർ ചെയിനേജിൽ 45.75 ചതുരശ്ര മീറ്റർ അളവിലാണ് 20mm Thick Open-Graded Bituminous Premix Carpet , Seal Coat എന്നിവ നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. 20mm Thick Open-Graded Bituminous Premix Carpet ന് 171.38 രൂപ നിരക്കിൽ GST ഉൾപ്പെടെ 8781.51 രൂപയും Seal Coat ന് 68.92 രൂപ നിരക്കിൽ GST ഉൾപ്പെടെ 3531.46 രൂപയും അനുവദിച്ചിട്ടുണ്ട്.

തെറ്റായ അളവുകൾ രേഖപ്പെടുത്തിയത് കാരണമാണ് ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് തുക നൽകുന്ന സാഹചര്യം സ്ഥാപനത്തിൽ ഉണ്ടായിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നതിലുണ്ടാകുന്ന വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. കരാറുകാരന് അധികമായി അനുവദിച്ച 12,313 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-20 ചെയ്യാത്ത ഇനങ്ങൾക്ക് തുക നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 123/22, പുളിക്കുൽ ക്ഷേത്രം റോഡ് റീടാറിംഗ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 2,80,000 |
| ചെലവ് | 171183 |
| ബിൽ വിശദാംശം | 92/ 25-10-2021 |
| കരാറുകാരൻ | സുനിൽ കുമാർ |
| എഗ്രിമെന്റ് നമ്പർ | AE/LSGD/TKR/42/21-22 Dt.28.10.2020 |
| എസ്റ്റിമേറ്റ് നമ്പർ | 2020/60490 |
| എം ബുക്ക് നം | 91/2019-20 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 123/22 പുളിക്കുൽ ക്ഷേത്രം പദ്ധതിയുടെ റോഡിന് കുറുകെ നിർമ്മിക്കുന്ന കലുങ്കിനടിയിൽ 3.2 നീളത്തിലും 2.6 വീതിയിലും 60 സെന്റീമീറ്റർ കനത്തിലും DR PAVING ചെയ്ത് അതിന് മുകളിൽ 3.2 മീറ്റർ നീളത്തിലും 2.6 മീറ്റർ വീതിയിലും 15 സെന്റീ മീറ്റർ കനത്തിലും Bed Concreting നിർവ്വഹിച്ചതായും എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 16.01.23 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ മേൽ പറഞ്ഞ ഇനങ്ങൾ സൈറ്റിൽ നിർവ്വഹിച്ചിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.(DR PAVING ചെയ്ത് അതിന് മുകളിൽ Bed Concreting നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയ കലുങ്കിനടിയിൽ കമ്പെടുത്ത് കുത്തി നോക്കിയപ്പോൾ കമ്പ് ചളിയിലേക്ക് ആഴ്ന്ന് പോവുകയുണ്ടായി) അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

3.2x2.6x0.6 അളവിൽ ആകെ 4.992 ഘനമീറ്റർ അളവിൽ DR PAVING ചെയ്തതായി രേഖപ്പെടുത്തി 2018.25 രൂപ നിരക്കിൽ GST ഉൾപ്പെടെ 11284 രൂപയും 3.2x2.6x0.15 അളവിൽ ആകെ 1.248 ഘനമീറ്റർ അളവിൽ Bed Concreting ചെയ്തതായി രേഖപ്പെടുത്തി 6974.53 രൂപ നിരക്കിൽ GST ഉൾപ്പെടെ 9749 രൂപയും കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 21033 രൂപയാണ് ചെയ്യാത്ത പ്രവൃത്തികൾക്കായി കരാറുകാരന് അനുവദിച്ചിട്ടുള്ളത്.

തെറ്റായ അളവുകൾ രേഖപ്പെടുത്തിയത് കാരണമാണ് ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് തുക നൽകുന്ന സാഹചര്യം സ്ഥാപനത്തിൽ ഉണ്ടായിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നതിലുണ്ടാകുന്ന വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും 21033 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

1-21 സമയപരിധി കഴിഞ്ഞ് ഇലക്ഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകി .

2020 ഡിസംബർ മാസം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികൾ അടവാക്കിയ ഇലക്ഷൻ ഡെപ്പോസിറ്റ് സമയപരിധിക്കു ശേഷം തിരികെ നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 144(2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം മൂന്ന് മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. 2020 ഡിസംബർ മാസം തെരഞ്ഞെടുപ്പ് ഫലം വന്ന സാഹചര്യത്തിൽ നിക്ഷേപം 2021 മാർച്ച് മാസത്തിനകം സ്ഥാനാർത്ഥികൾക്ക് തിരിച്ച് നൽകേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത സമയപരിധിക്കു ശേഷമാണ് ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| തിയ്യതി | വൗച്ചർ നമ്പർ | അനുവദിച്ച തുക |
|---|---|---|
| 26.02.22 | 22100450 | 1000 |

സമയപരിധി കഴിഞ്ഞതിന് ശേഷം ഇലക്ഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

1-22 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി 2,000 രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ 03.04.2021 തീയതിയിലെ ബി-231/2021 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും 2018-19 മുതൽ 2021-22 വരെയുള്ള കുടിശ്ശിക 6000/-രൂപ അടവാക്കാനാണ് ആവശ്യപ്പെട്ടതെങ്കിലും ഓഡിറ്റ് വർഷം 2000 രൂപയാണ് അടവാക്കിയത്. തുക അടവാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| തുക | ഇനം | വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 2,000 | 2021-22 വർഷത്തെ വാർഷിക വരിസംഖ്യ | 22100102, 12.05.2021 | 012492 തി 12.05.21 |

ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ക്രൂസിന്റെ ജനറൽ കൗൺസിലിലേക്ക് മത്സരിക്കുന്നതിന്/വോട്ട് ചെയ്യുന്നതിന് വാർഷിക വരിസംഖ്യ/കുടിശ്ശിക അടച്ച് തീർക്കേണ്ടതാണെന്ന് മേൽ പരാമർശിച്ച കത്തിൽ നിർദ്ദേശിക്കുന്നുണ്ട് .

എന്നാൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയറക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000 രൂപ നൽകുന്നതു കൊണ്ട് ഗ്രാമ പഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഈ സാഹചര്യത്തിൽ ഈ വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-23 യാത്ര ബത്ത -പൊതു അപാകതകൾ .

തനതുഫണ്ടിന്റെ ചെലവു പരിശോധിച്ചതിൽ 2021-22 വർഷം യാത്രാബത്തയ്ക്കായി 93657/- രൂപ ചെലവഴിച്ചിട്ടുണ്ട് .(വൗച്ചർ നമ്പർ 22100732 തി 31.3.22) . പ്രസ്തുത ബില്ലിൽ ജീവനക്കാരുടെ 2020 ജനവരി മുതൽ 2021 സെപ്തംബർ വരെയുള്ളതും സെക്രട്ടറിയുടെ 2020 ജനവരി മുതൽ 2021 ആഗസ്റ്റ് വരെയുമുള്ള യാത്രകൾ ഉൾപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു .

1.യാത്രബത്ത ലഭിക്കുന്നതിന് ടൂർ ഡയറി സമർപ്പിക്കുന്നില്ല .

ജീവനക്കാരുടെ ക്ലെയിമിന്റെ അടിസ്ഥാനത്തിൽ മാത്രമേ യാത്രാബത്ത നൽകേണ്ടതുള്ളൂ. യാത്രാബത്ത ക്ലെയിം ചെയ്യുന്നതിനുള്ള ടൂർ ഡയറിയിൽ യാത്രക്കാരന്റെ പേര് , തസ്തിക, യാത്ര പുറപ്പെടുന്ന സ്ഥലം, സമയം , എത്തിചേരുന്ന സ്ഥലം, സമയം , യാത്രാ മാർഗ്ഗം (ബസ്,ട്രെയിൻ) യാത്രയുടെ ഉദ്ദേശ്യം എന്നിവ ലഭ്യമാക്കേണ്ടതാണ് . എന്നാൽ തൻവർഷം ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചത് ക്ലെയിമിന്റെ അടിസ്ഥാനത്തിൽ അല്ല .

2.ഒരേ സ്ഥലത്തേക്ക് പഞ്ചായത്ത് വാഹനം ഓടിയ അതേ തീയതിയിലും സമയത്തും യാത്ര ചെയ്ത ജീവനക്കാർക്ക് മുഴുവൻ യാത്രാബത്തയും അനുവദിച്ചു.

(I). ലോഗ് ബുക്ക് പരിശോധിച്ചതിൽ 13.1.20 ന് ശ്രീമതി സീന, പഞ്ചായത്ത് വാഹനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും കോഴിക്കോട് ഡി.ഡി.പി ഓഫീസിലേക്ക് പോയിട്ടുണ്ട്. എന്നാൽ ടി.എ ബിൽ പരിശോധിച്ചതിൽ അന്നേ ദിവസം ശ്രീമതി സീനയ്ക്ക് ബസ് മുഖേന യാത്ര ചെയ്തതിന് ഒരു ഡി.എ അനുവദിച്ചിട്ടുണ്ട് .

(Ii). വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ 1.02.21 ന് ശ്രീ ഗോകുൽദാസ്, ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് വാഹനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസിലേക്ക് പോയിട്ടുണ്ട്. എന്നാൽ ടി.എ ബിൽ പരിശോധിച്ചതിൽ അന്നേ ദിവസം ശ്രീ ഗോകുൽദാസിന് ബസ് മുഖേന യാത്ര ചെയ്തതിന് ഒരു ഡി.എ അനുവദിച്ചിട്ടുണ്ട് .

3.സമയപരിധി കഴിഞ്ഞ് യാത്രാബത്ത അനുവദിച്ചു .

യാത്രാബത്ത അർഹമായ തിയ്യതി മുതൽ, അതായത് യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസം ഒന്നാം തിയതി മുതൽ ഒരുവർഷത്തിനകം അവകാശപ്പെട്ടിരിക്കണം. അർഹമായ തിയ്യതി മുതൽ 2 വർഷത്തിനകം തുക മാറിയിരിക്കണം. എന്നാൽ മേൽ പ്രകാരമുള്ള സമയപരിധി കഴിഞ്ഞ യാത്രകൾക്കും യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് .

2020 ജനവരിയിലും ഫെബ്രുവരിയിലും നടത്തിയ യാത്രകളുടെ ബില്ലുകൾ 2022 ജനവരി 31 നുള്ളിലും 29 ഫെബ്രുവരിയ്ക്കുള്ളിലും മാറേണ്ടതാണ് . സമയപരിധി കഴിഞ്ഞ യാത്രാബില്ലുകൾ മാറി നൽകിയതിനും ടൂർ ഡയറി ഇല്ലാതെ യാത്രാബത്ത അനുവദിച്ചതിനും വിശദീകരണം നൽകേണ്ടതാണ്.

## 1-24 സ്ഥിരനിക്ഷേപം നിക്ഷേപ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പലിശ ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ സ്ഥിരനിക്ഷേപ രജിസ്റ്റർ, സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിച്ചതിൽ കെ.ഡി.സി. ബാങ്കിന്റെ വെസ്റ്റ്ഹിൽ ശാഖയിലുള്ള FD No.100311807520240/ 15.4.18 ലെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം ലഭിക്കേണ്ട പലിശയിനത്തിൽ കുറവ് സംഭവിച്ചതായി കാണുന്നു.വിശദാംശം താഴെ കൊടുക്കുന്നു .

| ക്രമ നം. | തിയ്യതി | നിക്ഷേപ തുക | പലിശ നിരക്ക് | കാലാവധി | ലഭിക്കേണ്ട പലിശ | ലഭിച്ച പലിശ | നഷ്ടതുക |
|---|---|---|---|---|---|---|---|
| 1 | 15.04.19 | 750401 | 8% | 12M | 60032 | 54028 | 6004 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 15.4.20 | 810433 | 7.25% | 12M | 58756 | 52488 | 6268 |
| 3 | 15.4.21 | 869189 | 6.25 | 12M | 54324 | 48201 | 6123 |
| 4 | 15.4.22 | 923514 | 6.25 | 12M | 57720 | 56570 | 1150 |
| ആകെ | | | | | 230832 | 211287 | 19545 |

നിക്ഷേപത്തിന്റെ കാലാവധി പൂർത്തിയാവുമ്പോൾ പലിശ ഉൾപ്പടെ പുതുക്കി നിക്ഷേപിക്കുകയാണ് ചെയ്തത്. കാലാവധി പൂർത്തിയാവുമ്പോൾ ലഭിക്കേണ്ട പലിശയുടെ വിവരം നിക്ഷേപ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അത്രയും തുക പലിശയിനത്തിൽ ലഭിച്ചിട്ടില്ല .

നിക്ഷേപം പുതുക്കുമ്പോൾ മേൽ പ്രകാരം ലഭിച്ച മുഴുവൻ പലിശയും ഉൾപ്പെടാതെയുള്ള തുകയാണ് പുതുക്കി നിക്ഷേപിക്കുന്നത്. ആയതുകൊണ്ട് തന്നെ നഷ്ടം നിലവിലും തുടരുകയാണ് പണം നിക്ഷേപിക്കുമ്പോൾ ബാങ്ക് ഓഫർ നൽകിയ പലിശ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാതെ അതേ ബാങ്കിൽ തന്നെ തുടർന്നും നിക്ഷേപിച്ചുവരുന്നതു സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട് . ആയതിന്മേൽ കൈക്കൊണ്ട തുടർനടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-25 സംയുക്തപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കേണ്ടതാണ് .

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ബില്ലിന്റെ അടിസ്ഥാനത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരത്തിനായി പ്രതിമാസം 67,075/- രൂപ തനതു ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നുണ്ട് . തൻവർഷം ഈ ഇനത്തിലുള്ള ആകെ ചെലവ് 8,04,900/- രൂപയാണ്.

വാട്ടർ അതോറിറ്റി പ്രതിമാസം ലഭ്യമാക്കുന്ന ബിൽ പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമായ 146 പൊതുടാപ്പുകൾ ഉണ്ട്. എന്നാൽ ഇവ എല്ലാം നിലവിൽ പ്രവർത്തനക്ഷമമാണോ എന്നുള്ളതിന് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന സംഘടിപ്പിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. സംയുക്ത പരിശോധന നടത്താതെയാണ് ഇത്തരത്തിൽ തുക ചെലവ് ചെയ്തതെങ്കിൽ സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരം ഇനത്തിൽ അടവാക്കുന്ന ഭീമമായ തുകയിൽ കുറവ് വരുത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു .

### 1-26 തനത് ഫണ്ടിന്റെ നിലവിലെ സ്ഥിതി

തൻവർഷം ബാദ്ധ്യത ഇല്ലെങ്കിലും തനത് ഫണ്ടിൽ നീക്കിയിരിപ്പ് കുറവാണെന്ന് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് സാക്ഷ്യപ്പെടുത്തുന്നു. ആയതു പ്രകാരം തനതുഫണ്ടിൽ 81,40,119/- രൂപ മാത്രമേ മിച്ചമുള്ളൂ .

നിലവിലെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| 2021-22 | | | |
|---|---|---|---|
| ബാദ്ധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |

| | | | |
|---|---|---|---|
| B4-പ്രത്യേക കാര്യങ്ങൾക്ക് | 1,89,80,316 | B12 | 28,13,685 |
| B5 | 67,71,262 | B14 | 15,897 |
| B7 | 2,62,112 | B15 | 27,97,809 |
| B9 | 30,71,200 | B17 | 2,96,50,777 |
| | | B18 | 19,46,841 |
| ആകെ | 2,90,84,890 | | 3,72,25,009 |

നിലവിൽ തനതുഫണ്ടിലെ നീക്കിയിരിപ്പ് വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ ഭരണസമിതി/ ഉദ്യോഗസ്ഥ തലത്തിൽ ഊർജ്ജിത ശ്രമം കൈക്കൊള്ളേണ്ടതാണ്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് ഫീൽഡ് തലത്തിൽ പരിശോധന നടത്തി കെട്ടിട നിർമ്മാണം, ക്രമവൽകരണം, കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വരുത്തിയ മാറ്റങ്ങൾ മൂലവും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, തൊഴിൽനികുതി യഥാസമയം അടവാക്കാത്ത സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ എല്ലാ നികുതി/നികുതിയേതര വരവുകളും യഥാസമയം പഞ്ചായത്തിൽ വരവ് വെക്കുന്ന എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ് .

തൻവർഷം പദ്ധതികൾക്കായി തനതുഫണ്ടിൽ നിന്നും 2495820/- രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി രൂപീകരണവേളയിൽ തനത് ഫണ്ട് വകയിരുത്തുമ്പോൾ തനത്ഫണ്ടിന്റെ നിജസ്ഥിതി മനസ്സിലാക്കി വകയിരുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

## 1-27 അനധികൃതമായി കൈവശം വെച്ച പുഴപുറമ്പോക്ക് സ്ഥലം തിരികെ ഈടാക്കേണ്ടതാണ്

തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് റീസർവ്വേ 79/3 ൽ ഉൾപ്പെട്ട സ്ഥലത്ത് 31.03.2010 ന് BL 443/09-10 നമ്പർ പ്രകാരം ഒരു പമ്പ് ഹൗസ് നിർമ്മിക്കാൻ ശ്രീ.വത്സന് ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിരുന്നു . നിർമ്മാണം പൂർത്തീകരിച്ച ശ്രീ.വത്സൻ 14.09.2015 ന് കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . കെട്ടിടനമ്പറിനു വേണ്ടി അപേക്ഷ ലഭിച്ചപ്പോഴാണ് എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിൽ പമ്പ്ഹൗസിന് അനുമതി നൽകിയിരുന്നെങ്കിലും ഒരു ചെറിയ വീടായിട്ടാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും കെട്ടിടത്തിൽ 2 മുറികളും ഒരു ടോയ്‌ലെറ്റും നിർമ്മിച്ചിട്ടുണ്ടെന്നും കെട്ടിടം പുഴയിൽ നിന്നും 4 മീറ്റർ അകലത്തിലാണ് നിർമ്മിച്ചിട്ടുള്ളതെന്നും പുഴയിലേക്ക് ഒരു മീറ്റർ കയറി നിർമ്മാണം നടത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രദേശമായതിനാൽ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ആവശ്യമാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ഇല്ലാതെയും സ്ഥലം കയ്യേറിയിട്ടുണ്ടെന്നുള്ള പരാതിയിൽ തീർപ്പ് കൽപ്പിക്കാത്തതിനാലും അപേക്ഷയിൽ നടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുവാൻ ടിയാന് 17.10.2016 ന് എ3/7485/ 15 നമ്പർ പ്രകാരം കത്ത് നൽകുകയുണ്ടായി .

മേൽ കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.വത്സൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള

ട്രൈബ്യൂണൽ മുമ്പാകെ ഗ്രാമപഞ്ചായത്തിനെ കക്ഷിയാക്കി 1000/16 നമ്പർ പ്രകാരം അപ്പീൽ സമർപ്പിക്കുകയും ബഹു.ട്രൈബ്യൂണൽ 02.08.2017 ന് ഉത്തരവ് പുറപ്പെടുവിക്കുകയും ഉത്തരവ് പ്രകാരം അപ്പീൽ അനുവദിക്കുകയും 17.10.2016 ന് ഗ്രാമപഞ്ചായത്ത് നൽകിയ നോട്ടീസ് റദ്ദ് ചെയ്യുകയും അപേക്ഷകന് വിനിയോഗ സർട്ടിഫിക്കറ്റും കെട്ടിട നമ്പറും 15 ദിവസത്തിനകം നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. കൂടാതെ ഉത്തരവിൽ അപേക്ഷകൻ യഥാർത്ഥത്തിൽ പുഴ കൈയേറിയതു സംബന്ധിച്ച തെളിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ കൈയേറ്റം നടത്തി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഒക്യുപെൻസി നിഷേധിക്കരുതെന്നും നിർമ്മാണ അനുമതി നൽകുമ്പോൾ തന്നെ തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി വാങ്ങാതെ, നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം അനുമതി വേണമെന്ന് നിഷ്കർഷിച്ച് വിനിയോഗ സർട്ടിഫിക്കറ്റും കെട്ടിട നമ്പറും അനുവദിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം കെട്ടിടത്തിന് ഒക്യുപെൻസി അനുവദിക്കുകയും 9/168 D നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട് .

പുഴ കയ്യേറ്റം സംബന്ധിച്ച് സർവ്വേ നടത്തുന്നതിന് നഗരം വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിരുന്നു (14.02.20 ലെ എ3-7335/17). വില്ലേജ് ഓഫീസർ സ്ഥലപരിശോധന നടത്തിയതിൽ കയ്യേറ്റമാണോ എന്ന് തിരിച്ചറിയാൻ കഴിയാത്ത സാഹചര്യത്തിൽ താലൂക്ക് സർവ്വേയറുടെ സേവനം ആവശ്യപ്പെട്ട് 14.02.20 ന് കോഴിക്കോട് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. സർവ്വേ നടത്തി സ്കെച്ച് ലഭ്യമാക്കിയിട്ടില്ല .

2001 ലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റിലെ സെക്ഷൻ 15 പ്രകാരം കടവോ നദീതീരങ്ങളോ സുരക്ഷിത നിലയിൽ പരിപാലിക്കുന്നതിന് തദ്ദേശ അധികാരസ്ഥാനങ്ങൾക്കുള്ള ഉത്തരവാദിത്തം പാലിക്കുന്നതിനായി സർവ്വേ നടപടികൾ പൂർത്തീകരിക്കേണ്ടതും അനധികൃതമായി പുഴ പുറമ്പോക്ക് സ്ഥലം കൈവശം വെച്ചവരിൽ നിന്നും തിരികെ ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ് .

1-28 പ്രവർത്തനമില്ലാത്ത ചിൽഡ്രൻസ് ലൈബ്രറിയിലേക്ക് ഫർണിച്ചർ വാങ്ങി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 160/22 (ചിൽഡ്രൻസ് ലൈബ്രറിയിലേക്ക് ഫർണിച്ചർ വാങ്ങൽ) |
| അടങ്കൽ | 50,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 47788/- |
| ബിൽ നമ്പർ/ തിയ്യതി | 325/24.03.2022 |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ കേരള വികസന പദ്ധതിയിൽ പൂർത്തീകരിച്ച ചിൽഡ്രൻസ് ലൈബ്രറി കെട്ടിടം 4.8.2005 ന് ഉദ്ഘാടനം കഴിഞ്ഞതാണ്. പ്രസ്തുത കെട്ടിടത്തിലേക്ക് 2021-22 വർഷം മേൽ പ്രോജക്റ്റ് പ്രകാരം 47,788/- രൂപ ചെലവഴിച്ച് പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് 2 ഷെൽഫുകൾ ഗ്രാമപഞ്ചായത്ത് വാങ്ങി കൊടുത്തിട്ടുണ്ട്. എന്നാൽ നിലവിൽ കെട്ടിടം അടഞ്ഞു കിടക്കുന്നതായാണ് 16.01.2023 ന് ഓഡിറ്റ് ടീം സ്ഥലം സന്ദർശിച്ചതിൽ കണ്ടത്. 17.01.2023 ന് നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ

ഗ്രാമപഞ്ചായത്തു പ്രസിഡണ്ടുമായി സംസാരിച്ചതിൽ ലൈബ്രറി പ്രവർത്തിപ്പിച്ചിരുന്നത് ഒരു റിട്ടയേർഡ് സ്കൂൾമാസ്റ്റർ ആയിരുന്നെന്നും അദ്ദേഹത്തിന് ജോലി ആവശ്യാർത്ഥം മറ്റൊരു സ്ഥലത്തേക്ക് മാറേണ്ടി വന്നതിനാൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് എന്നുമാണ് അറിയിച്ചത്. നിലവിൽ പ്രസ്തുത കമ്മിറ്റിയും ലൈബ്രറി പ്രവർത്തനത്തിൽ ശ്രദ്ധിക്കുന്നില്ല. 17.01.2023 ന് കമ്മിറ്റിയിലുള്ള ഒരു അംഗം ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക രജിസ്റ്ററും മെമ്പർഷിപ്പ് വരവ് രജിസ്റ്ററും ഓഡിറ്റിനു ഹാജരാക്കുകയുണ്ടായി. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വർഷങ്ങൾക്കു മുമ്പ് ലഭിച്ച 1182 പുസ്തകങ്ങളാണ്. (ലഭിച്ച വർഷം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) ലൈബ്രറിയിലുള്ളത്. കൂടാതെ 20.10.2021 മുതൽ 3.1.2022 വരെ പിരിച്ചെടുത്ത 350/- രൂപ (മെമ്പർമാരിൽ നിന്നും 50/- രൂപയാണ് വാർഷിക മെമ്പർഷിപ്പ് വരിസംഖ്യ) 18.6.2022 നാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയത്. 5.10.2022 ന് പിരിച്ചെടുത്ത 100/- രൂപ ഇതുവരെയും പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ലൈബ്രറി പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. പിരിച്ചെടുക്കുന്ന തുകകൾ അതാതു ദിവസമോ തൊട്ടടുത്ത ദിവസമോ പഞ്ചായത്തിൽ അടവാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. അടഞ്ഞു കിടക്കുന്ന സ്ഥാപനത്തിലേക്ക് ഫർണിച്ചർ വാങ്ങാൻ ചെലവഴിച്ച 47788/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-29 എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് - ബില്ലിൽ നിന്നും ആദായ നികുതി കുറവു ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 116/22 (മാലിന്യ സംസ്കരണം - തുമ്പൂർമുഴി മോഡൽ) |
| പദ്ധതി അടങ്കൽ | 653000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 303453 |

തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണത്തിന് 2019-20 വർഷം 10 ലക്ഷം രൂപ അടങ്കലിൽ 198/20 നമ്പർ പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും 2021-22 വർഷമാണ് പദ്ധതി നടപ്പിലാക്കിയത്. സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ എന്ന അക്രഡിറ്റഡ് ഏജൻസി ആണ് പ്രവൃത്തി നിർവ്വഹണം നടത്തിയത്. 19.3.2020 ന് പ്രസ്തുത ഏജൻസി 735000/- രൂപ എസ്റ്റിമേറ്റിൽ ഗ്രാമപഞ്ചായത്തുമായി കരാർ വെച്ചു. കരാർ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20% തുക മുൻകൂർ നൽകാവുന്നതാണ് എന്ന നിബന്ധനയിൽ 147000/- രൂപ 22.11.2021 ന് ഏജൻസിക്ക് നൽകിയിട്ടുണ്ട്. ബാക്കി തുക പ്രവൃത്തി പൂർത്തീകരിച്ച ശേഷം മേൽ പ്രോജക്ട് പ്രകാരം 26.11.2021 ന് സ്ഥാപനത്തിന് നൽകി. മുൻകൂർ തുക അനുവദിച്ചപ്പോഴും ഫൈനൽ തുക അനുവദിച്ചപ്പോഴും കരാർ ഏറ്റെടുത്ത സ്ഥാപനത്തിൽ നിന്നും 1.5% ആദായനികുതി (ഇൻകം ടാക്സ് കമ്മീഷണറുടെ 13.6.2021 ലെ നിർദ്ദേശ പ്രകാരം ആദായനികുതി നിരക്ക് കോവിഡ് മൂലം കുറവു ചെയ്തിരുന്നു.) ഈടാക്കിയിട്ടില്ല. ആദായനികുതി ഇനത്തിൽ 6755/- രൂപ (450434x1.5%) ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 13.01.2023 ന് നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 6755/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-30 കരാർ വെക്കാതെ മുൻകൂർ തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 111/22 (സ്ട്രീറ്റ് മെയിൻ വലിക്കൽ) |
| പദ്ധതി അടങ്കൽ | 10 ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 10 ലക്ഷം |

| | |
|---|---|
| ബിൽ നമ്പർ/ തിയ്യതി | 288/14.3.22 (138650/- രൂപ) |
| | 308/18.3.22 (348448/- രൂപ) |
| | 326/19.3.22 (512902/- രൂപ) |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകൾ ചേളന്നൂർ, അത്തോളി, എരഞ്ഞിക്കൽ എന്നീ ഇലക്ട്രിക്കൽ ഡിവിഷനുകളിലാണ് ഉൾപ്പെടുന്നത്. വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈനുകൾ വലിക്കുന്നതിന് ചേളന്നൂർ, അത്തോളി ഇലക്ട്രിക്കൽ ഡിവിഷനുകളിലായി മേൽ പ്രോജക്ട് പ്രകാരം 10 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സ.ഉ.(കൈ)നം. 11/2018/ തസ്വഭവ. തിയ്യതി 29.1.2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.1(ഡി) (ii) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ചേളന്നൂർ ഇലക്ട്രിക്കൽ ഡിവിഷനിൽ 487098/- രൂപയും അത്തോളി ഡിവിഷനിൽ 512902/- രൂപയും മുൻകൂറായി ഡെപ്പോസിറ്റ് ചെയ്തത് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ വെക്കാതെയാണ്. ചേളന്നൂർ ഡിവിഷനിൽ നിന്നും പ്രവൃത്തി പൂർത്തിയാക്കി മുഴുവൻ തുകയ്ക്കുമുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടുണ്ട്. അത്തോളി ഡിവിഷൻ ചെയ്ത പ്രവൃത്തിയുടെ നിവിലുള്ള അവസ്ഥയും വിനിയോഗ വിവരവും അറിയിക്കേണ്ടതാണ്. കരാർ വെക്കാതെ തുക മുൻകൂർ നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 11.1.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങളനുസരിച്ച് തുക അനുവദിക്കേണ്ടതാണ്.

### 1-31 തൊഴിലുറപ്പ് പദ്ധതി - ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതൽ വിലക്ക് നിർമ്മാണ വസ്തുക്കൾ സപ്ലൈ ചെയ്തു

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ വസ്തുക്കൾ സപ്ലൈ ചെയ്യുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. സാദിക് അലി എന്ന കരാറുകാരൻ സമർപ്പിച്ച കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ 23.10.2020 ൽ കൂടിയ ഭരണസമിതി അംഗീകരിക്കുകയും അന്നേ ദിവസം തന്നെ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. എന്നാൽ ഓരോ പ്രവൃത്തികൾക്കായി ടിയാൻ സപ്ലൈ ചെയ്ത നിർമ്മാണ വസ്തുക്കളിൽ ക്വാറി വേസ്റ്റിന് ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ കൂടിയ വിലക്കാണ് സൈറ്റിൽ ഇറക്കിയത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ക്വാറി വേസ്റ്റ് പ്രവൃത്തി ചെയ്ത അളവ് | ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്ത നിരക്ക്/എം3 | നൽകേണ്ടത് | കരാറുകാരൻ ആവശ്യപ്പെട്ട പ്രകാരം നൽകിയത് | അധികം നല്കിയത് |
|---|---|---|---|---|---|
| പുതുക്കുടി മീത്തൽ റോഡ് വാർഡ് 2 | 19.40 എം.3 | 850/- രൂപ | 850x19.4+5% GST = 17315/- | 1190x19.46 + GST= 24315/-(ക്യാഷ് ബിൽ നമ്പർ 2021/15 തിയ്യതി ഇല്ല) | 7000/- |
| പുതുക്കാട്ട് കടവ് റോഡ് | 33.11 എം.3 | 850/- രൂപ | 850x33.11+5% GST = | 1190x31.48 + GST= 39334/- | 9786/- |

| | | | | | |
|---|---|---|---|---|---|
| വാർഡ് 15 | | | 29551/- | കരാറുകാരൻ ആവശ്യപ്പെട്ടത് 39336(ക്യാഷ് ബിൽ നമ്പർ 2022/005 തിയ്യതി 15.12.2021) | |

ക്വാറി വേസ്റ്റിന് സപ്ലയർക്ക 16786/- രൂപ അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 13.1.2023 ന് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 16786/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടക്കേണ്ടതാണ്.

1-32 സാമൂഹ്യ സുരക്ഷാമിഷൻ - കൈപ്പറ്റ് രശീതി ഹാജരാക്കാത്തതും മറ്റ് അപാകതകളും

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 1/22 (സാമൂഹ്യ സുരക്ഷാ മിഷൻ) |
| പദ്ധതി അടങ്കൽ | 1,00,000/- രൂപ (വികസന ഫണ്ട്) |
| ചെലവ് | 1,00,000/- രൂപ |
| ബിൽ നമ്പർ/തിയ്യതി | 105/3.11.2021 |

സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക കൈമാറുന്നതിന് മേൽ പ്രോജക്ട് പ്രകാരം 1 ലക്ഷം രൂപ വകയിരുത്തി ചെലവഴിച്ചെങ്കിലും പ്രസ്തുത തുകയുടെ കൈപ്പറ്റ രശീതിയും തുകയുടെ വിനിയോഗ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയില്ല. 11.1.2023 ന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ രശീതിയും തുകയുടെ വിനിയോഗ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-33 തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 116/22 (മാലിന്യസംസ്കരണം) |
| പദ്ധതി അടങ്കൽ | 653000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 303434/- |
| നിർവ്വഹണം | സെക്രട്ടറി |

2019-20 വർഷം 198/20 നമ്പർ പ്രോജക്ട് പ്രകാരം തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണത്തിന് പദ്ധതി തയ്യാറാക്കുകയും സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ എന്ന അക്രഡിറ്റഡ് സ്ഥാപനവുമായി 19.3.2020 ന് ഗ്രാമപഞ്ചായത്ത് കരാർ വെക്കുകയും ചെയ്തു. 3 സ്ഥലങ്ങളിലായി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 11.11.2019 ന് സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 7,35,000/- രൂപയാണ് ചെലവ്. എടവനക്കുഴി കോളനിയിൽ 3 എണ്ണവും തലക്കുളത്തൂർ സി.എച്ച്.സി.യിൽ 3 എണ്ണവും, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്ത് 2 എണ്ണവുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ ശുചിത്വമിഷന്റെ 20.2.2020 ലെ 723/സി1/2013/ എസ്.എം. നമ്പർ പ്രകാരം 7,35,000/- രൂപക്കാണ് സാങ്കേതികാനുമതി ലഭിച്ചത്. 19.6.2020 ന് എസ്റ്റിമേറ്റ് തുകയുടെ 20% ആയ 1,47,000/- രൂപ പ്രസ്തുത സ്ഥാപനം മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് 6.11.2021 ലെ വാല്വേഷൻ പ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ 2 ബിന്നും തലക്കുളത്തൂർ സി.എച്ച്.സി. യിൽ 3 ബിന്നും യഥാക്രമം 1,84,673/- രൂപ, 2,65,761/-രൂപ എന്നിങ്ങനെയാണ് ചെലവു വന്നത്. 16.01.2023 ന് ഓഡിറ്റ് ടീം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ചതിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥാപിച്ച എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിക്കാത്ത അവസ്ഥയിലാണ് ഉള്ളത്. തലക്കുളത്തൂർ സി.എച്ച്.സി. യിൽ സ്ഥാപിച്ച യൂണിറ്റ് പ്രവർത്തിക്കുന്നതാണ്. അതിൽ നിന്നും ശേഖരിക്കുന്ന വളം ആശുപത്രിയിലെ പച്ചക്കറി കൃഷിക്ക് ഉപയോഗിക്കുന്നുണ്ടെന്ന് ചുമതലയുള്ള നഴ്സിംഗ് സൂപ്രണ്ട് അറിയിച്ചു. ശുചിത്വമിഷന്റെ നിബന്ധനകളിൽ കമ്പോസ്റ്റിംഗ് യൂണിറ്റുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റിന്റെ ശരിയായ രീതിയിലുള്ള ഉപയോഗം ഉറപ്പു വരുത്താൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കമ്പോസ്റ്റ് സംവിധാനങ്ങളുടെ ദൈനംദിന ശാസ്ത്രീയ പ്രവൃത്തി പരിപാലനം ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനാംഗങ്ങളെ ഉപയോഗപ്പെടുത്തി കൃത്യമായി നടത്താവുന്നതാണ്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥാപിച്ച കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 17.1.2023 ന് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. 3,03,434/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.



പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്തെ പ്രവർത്തന രഹിതമായ കമ്പോസ്റ്റ് യൂണിറ്റ്

## 1-34 സ്റ്റോക്ക് രജിസ്റ്റർ തൃപ്തികരമായി സൂക്ഷിക്കാത്തതും മറ്റു അപാകതകളും

വിവിധ പ്രോജക്ടുകളിലായി ഗ്രാമപഞ്ചായത്ത് ലാപ്ടോപ്പുകളും മറ്റു ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്. ഇവയൊന്നും തന്നെ സ്റ്റോക്കിൽ എടുക്കാതെ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് വാങ്ങി വിതരണം ചെയ്യുന്നതും അല്ലാത്തതുമായ എല്ലാ സാധനങ്ങൾ/ ഉപകരണങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയതിനു ശേഷം (ഏതു പ്രോജക്ടു മുഖേന, വില, സ്പെസിഫിക്കേഷൻ, വിതരണം ചെയ്ത സ്ഥാപനം) വിശദാംശങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സാധനങ്ങൾ കൈപ്പറ്റുന്ന സ്ഥാപന മേധാവികൾ/ ഉദ്യോഗസ്ഥർ പേര്, തസ്തിക എന്നിവ സഹിതം തിയ്യതിയോടുകൂടിയ ഒപ്പു വെച്ച ശേഷം മാത്രമേ സാധനങ്ങൾ കൈമാറാൻ പാടുള്ളൂ. കൂടാതെ സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ നിരീക്ഷണത്തിനായി ജി.ഒ. (പി) നം. 177/2006/ ഫിൻ. തിയ്യതി 12.4.2006 ലെ ഖ. 18.3 അനുസരിച്ച് അനുബന്ധം - B IV ൽ സബ്സിഡിയറി രജിസ്റ്ററും അനുബന്ധം - B V ൽ പ്രോജക്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

രജിസ്റ്ററുകൾ സൂക്ഷിക്കാതിരുന്നതിനും നിരുത്തരവാദപരമായി സ്റ്റോക്ക് രജിസ്റ്റർ കൈകാര്യം ചെയ്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 11.1.2023 ന് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 17.1.2023 ന് സെക്രട്ടറി മറുപടി സമർപ്പിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ നിർദ്ദേശപ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും കൈകാര്യം ചെയ്യേണ്ടതുമാണ്.

1-35 മരുന്നുകൾ സ്റ്റോക്ക് - മുൻബാക്കി കണക്കിലെടുക്കുന്നില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 2 ലക്ഷം രൂപ ചെലവഴിച്ച് ഡൈനാവെറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും മുൻ വർഷങ്ങളിൽ വാങ്ങിയ മരുന്നുകളിൽ നീക്കിയിരിപ്പുള്ളവ ഓഡിറ്റ് വർഷം മുൻബാക്കിയായി രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ നീക്കിയിരിപ്പുള്ളവ അടുത്ത വർഷങ്ങളിൽ പുതിയ സ്റ്റോക്കിലേക്ക് മാറ്റേണ്ടതും ആവശ്യമായ അളവിൽ മാത്രം മരുന്നുകൾ വാങ്ങേണ്ടതുമാണ്. മുൻബാക്കി പരിശോധിക്കാതെ മരുന്നിന്റെ ആവശ്യകത നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 11.1.2023 ന് നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 13.1.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ മറ്റൊരു രജിസ്റ്ററിൽ സ്റ്റോക്ക് എടുത്തതിനാലാണ് അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചത്. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് പുതിയ സ്റ്റോക്കിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-36 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകൽ - മുൻഗണനാ ക്രമം പാലിക്കുന്നില്ല

വെറ്ററിനറി സർജൻ നടപ്പിലാക്കിയ സുഭിക്ഷ കേരളം - പോത്തുകുട്ടി വിതരണം ജനറൽ (67/22), സുഭിക്ഷ കേരളം - ആട്ട ഗ്രാമം വനിത (68/22), പശു ഗ്രാമം വനിത (70/22), സുഭിക്ഷ കേരളം - കറവ പശു വളർത്തൽ വനിത (65/22), സുഭിക്ഷ കേരളം - പോത്തുകുട്ടി വിതരണം എസ്. സി. (79/22), സുഭിക്ഷ കേരളം - ആട്ട ഗ്രാമം വനിത എസ്.സി. (80/22), സുഭിക്ഷ കേരളം- കറവ പശു വളർത്തൽ വനിത എസ്.സി. (78/22) എന്നീ പദ്ധതികളിലെ മുൻഗണനാക്രമത്തിലുള്ള ഗുണഭോക്താക്കൾക്കല്ല ആനുകൂല്യം വിതരണം ചെയ്തത്. ഏറ്റവും അർഹരായവരെ ഒഴിവാക്കി മാർക്ക് കുറഞ്ഞവർക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കാതെ ആനുകൂല്യം നൽകിയതായി കാണുന്നു. ഉദാഹരണത്തിന് പ്രോജക്ട് നമ്പർ 65 ആയ സുഭിക്ഷ കേരളം കറവപശു വളർത്തൽ എസ്.സി. എന്ന പദ്ധതിയിൽ വാർഡ് 7, 13 എന്നിവയിൽ അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ വാർഡ് 9 ലും 16 ലും ഉൾപ്പെട്ട രണ്ടു പേർക്ക് ആനുകൂല്യം നൽകാമെന്നുള്ള വെറ്ററിനറി സർജന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത വ്യക്തികൾക്ക് ആനുകൂല്യം അനുവദിക്കാൻ വെറ്ററിനറി സർജനെ ചുമതലപ്പെടുത്താൻ ഭരണസമിതി 17.11.2021 ലെ 8-ാം നമ്പറായി തീരുമാനമെടുത്തതായി മിനുട്ട്സ് പരിശോധിച്ചതിൽ കണ്ടു. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ മേൽ പറഞ്ഞ ഗുണഭോക്താക്കൾ ബന്ധപ്പെട്ട വാർഡുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളാണെന്ന് കാണുന്നു. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ആനുകൂല്യത്തിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളേക്കാൾ മാർക്ക് കുറഞ്ഞവരാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള എല്ലാ പദ്ധതികളിലും ഇതു തന്നെയാണ് അവസ്ഥ. വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷ പരിഗണിച്ച് ഭരണസമിതിയുടെ തീരുമാനത്തോടെ മാർക്ക് കൂടിയ ഗുണഭോക്താക്കളെ ഒഴിവാക്കി അതിനു താഴെയുള്ളവർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 11.1.2023 ന് നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ 13.1.2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഡ് മെമ്പർമാർ മുഖേന മുൻഗണനാക്രമത്തിൽ മുന്നിലുള്ളവർക്ക് ആനുകൂല്യം വേണ്ട എന്ന് ഉറപ്പു വരുത്തിയ ശേഷം ഭരണസമിതിയുടെ തീരുമാനത്തോടെയാണ് അതിനു താഴെയുള്ളവർക്ക് ആനുകൂല്യം നൽകിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ അറിയിച്ചത്. ബന്ധപ്പെട്ട വാർഡു മെമ്പർമാരിൽനിന്നും അങ്ങനെയുള്ള സാക്ഷ്യപത്രമോ അല്ലെങ്കിൽ ഗുണഭോക്താക്കളിൽ നിന്നുള്ള

സമ്മതപത്രമോ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-37 ഹരിത കർമ്മ സേന – പ്രവർത്തനം നടക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലായി 31 ഹരിത കർമ്മ സേനാംഗങ്ങൾ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നിലവിൽ ഉണ്ട്. മിനി എം.സി.എഫ്. കൾ എല്ലാ വാർഡുകളിലും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവ പ്രയോജനപ്രദമാക്കി ഉപയോഗിക്കുന്നില്ല. 11/2021 ൽ കോനാരീസ് അഡ്വാൻസ്ഡ് പോളിമേഴ്സ് എന്ന സ്ഥാപനം ഹരിതകർമ്മസേന ശേഖരിച്ച പാഴ്വസ്തുക്കൾ എടുത്തിട്ടുണ്ട്. അതിനു ശേഷം ഏകദേശം 5 മാസത്തോളം ഹരിതകർമ്മസേന വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് മിനി എം.സി.എഫ്. കളിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ പിന്നീട് 5/22 മുതൽ പ്ലാസ്റ്റിക് മാലിന്യ ശേഖരം പഞ്ചായത്തിൽ നടന്നിട്ടില്ല. നിലവിൽ എല്ലാ വാർഡുകളിലും സ്ഥാപിച്ച മിനി എ.സി.എഫ്. കൾ കാടുമൂടി കിടക്കുന്ന അവസ്ഥയിലാണ്. പ്ലാസ്റ്റിക് കുപ്പികളും മറ്റു മാലിന്യങ്ങളും അവയ്ക്കു താഴെ കുമിഞ്ഞു കൂടി കിടക്കുകയാണ്.

13.7.2021 ലെ അജണ്ട 7, തീരുമാനം 1 പ്രകാരം അജൈവ പാഴ്വസ്തുക്കൾ തരം തിരിച്ച് സൂക്ഷിക്കുന്നതിനും സംസ്കരിക്കുന്നതിനും കയ്യൊഴിയുന്നതിനും എം.സി.എഫ്. കൾ സ്ഥാപിക്കാൻ പൊതുജനങ്ങളുടെ എതിർപ്പ് കാരണം സാധിക്കാത്തതിനാൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും കയ്യൊഴിയുന്നതിനും കോനാരീസ് അഡ്വാൻസ്ഡ് പോളിമേഴ്സ് എന്ന സ്ഥാപനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ദിവസക്കൂലി നൽകി സ്വന്തം ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ടി സ്ഥാപനത്തിന്റെ ഉത്തരവാദിത്തത്തിൽ ശാസ്ത്രീയമായി സംസ്കരിക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലാണ് മുകളിൽ പരാമർശിച്ച പ്രകാരം ടി സ്ഥാപനം പാഴ്വസ്തുക്കൾ എടുത്തത്. എന്നാൽ പ്രസ്തുത സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാർ വെച്ചിരുന്നില്ല. അതുകൊണ്ടു തന്നെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ടി സ്ഥാപനം നൽകാമെന്നേറ്റ ദിവസക്കൂലി അവർക്ക് നൽകിയിട്ടില്ല.

15.2.2021 ലെ 5(1) നമ്പർ പഞ്ചായത്ത് തീരുമാനം പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് കരടു ബൈലോ ഭരണസമിതി അംഗീകരിക്കുകയും 29.7.2022 ന് പഞ്ചായത്ത് ഡയറക്ടറുടെ PAN/278/ 2022-(5CDP) നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത ബൈലോയ്ക്ക് അംഗീകാരവും ലഭിച്ചിട്ടുണ്ട്. ബൈലോയിലെ ഖണ്ഡിക 6-4 അനുസരിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേനയുമായി കരാർ വെക്കേണ്ടതാണ്. ഖണ്ഡിക 6-(6) പ്രകാരം പ്ലാസ്റ്റിക് വസ്തുക്കളുടെ ശേഖരണം, മെറ്റീരിയൽ റിക്കവറി സെന്ററിലെ പ്രവർത്തനങ്ങൾ, യൂസർഫീ സമാഹരിക്കൽ, എന്നിവ മാത്രമായോ പുന:ചംക്രമണം/ സംസ്കരണ പ്രക്രിയ (Recycling/ Processing) കയ്യൊഴിയൽ എന്നിവ ഉൾപ്പെടെയോ ഏതെങ്കിലും പ്രവർത്തനം മാത്രമായോ ആയത് ഭാഗികമായോ ഏൽപിക്കാവുന്നതാണ്. ഖണ്ഡിക 13 അനുസരിച്ച് വേർതിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഒരു വാർഡിനോ ഒന്നിലധികം വാർഡുകൾക്കായോ സംഭരണ കേന്ദ്രങ്ങൾ ആവശ്യമുള്ളിടത്തോളം ഏർപ്പെടുത്തേണ്ടതും ഓരോ സംഭരണ കേന്ദ്രത്തിൽ നിന്നും ഏതെല്ലാം ദിവസങ്ങളിൽ ശേഖരിക്കണമെന്നും നിശ്ചയിക്കേണ്ടതാണ്. ആയതിന് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്. കൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2019-20 വർഷം മാലിന്യസംസ്കരണത്തിനായി തയ്യാറാക്കിയ തുമ്പൂർമുഴി മാലിന്യസംസ്കരണ യൂണിറ്റ് 2021-22 വർഷം പ്രവർത്തന സജ്ജമായിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്ത് സ്ഥാപിച്ച എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് നിലവിൽ പ്രവർത്തനരഹിതമാണ്. ശുചിത്വമിഷന്റെ നിബന്ധനകളിൽ കമ്പോസ്റ്റിംഗ് യൂണിറ്റുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റിന്റെ ശരിയായ രീതിയിലുള്ള ഉപയോഗം ഉറപ്പു വരുത്താൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കമ്പോസ്റ്റ് സംവിധാനങ്ങളുടെ ദൈനംദിന ശാസ്ത്രീയ പ്രവൃത്തി പരിപാലനം ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗങ്ങളെ ഉപയോഗപ്പെടുത്തി കൃത്യമായി നടത്താവുന്നതാണ്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകി

പ്രവർത്തനരഹിതമായ കമ്പോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൺസോർഷ്യത്തിന്റെ പ്രസിഡണ്ട് ഹാജരാക്കിയ വരവു ചെലവു കണക്കുകൾ പരിശോധിച്ചതിൽ ഓരോ വാർഡിലേയും സേനാംഗങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സമാഹരിച്ച യഥാക്രമം 60/-രൂപ, 100/- രൂപ നിരക്കിലുള്ള യൂസർ ഫീ ഈടാക്കി തലക്കുളത്തൂർ ശാഖയിലുള്ള ഗ്രാമീൺബാങ്കിന്റെ 40224101046540 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിൽ നിന്നും സേനാംഗങ്ങൾക്കുള്ള വേതനം നൽകിയ ശേഷമുള്ള 131776/- രൂപ 1.5.2022 ൽ നീക്കിയിരിപ്പുമുണ്ട്. ബാങ്ക് പാസ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയത് കാലികമാക്കാതെയാണ്. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്താനും അതിലൂടെ വരുമാനം കണ്ടെത്തി സേനയെ തൊഴിൽസംരംഭകരായി ഉയർത്താനുമുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം പഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.



ഉപയോഗിക്കാത്ത മിനി എം.സിഎഫ്. മാലിന്യങ്ങൾ വലിച്ചെറിഞ്ഞ അവസ്ഥയിലും കാട്ടുമൂടിയ

നിലയിലും



ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടാക് കോട്ട് ചെയ്തതിനേക്കാൾ കൂടുതൽ ചിപ്പിംഗ് കാർപ്പറ്റ് ചെയ്തു.

| | |
|---|---|
| പ്രൊ.നം, പേര് | 92/22, മനത്താനത്ത് ക്ഷേത്രം ബാലവാടി റോഡ് റീടാറിംഗ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 400000 |
| ചെലവ് | 400000 |
| ബിൽ വിശദാംശം | 184/ 29-01-2022, 187/ 29-01-2022 |
| കരാറുകാരൻ | റിത്തു.എം.വി |
| എഗ്രിമെന്റ് നമ്പർ | AE/LSGD/TKR/15/21-22 Dt.10.11.2021 |
| എസ്റ്റിമേറ്റ് നമ്പർ | 2021/46597 |
| എം ബുക്ക് നം | 60/2022 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 92/22 പദ്ധതി പ്രകാരം 292 മീറ്ററിൽ റോഡ് ടാറിംഗ് ആണ് ആസൂത്രണം ചെയ്തിട്ടുള്ളത്. എം ബുക്ക് പ്രകാരം Prime Coat, Tack Coat എന്നിവ 285 മീറ്റർ ചെയിനേജിലാണ് നിർവ്വഹിച്ചിട്ടുള്ളത്. 20mm Thick Open-Graded Bituminous Premix Carpet ,

Seal Coat എന്നിവ 300 മീറ്റർ നീളത്തിൽ ചെയ്തതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 16.1.23 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയതിൽ പ്രസ്തുത പ്രവൃത്തി ചെയ്ത ചെയിനേജ് ഓഡിറ്റിനെ കാണിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. Prime Coat, Tack Coat എന്നിവ നിർവ്വഹിക്കാത്ത 15 മീറ്റർ ചെയിനേജിൽ 20mm Thick Open-Graded Bituminous Premix Carpet , Seal Coat എന്നിവ എങ്ങനെ നിർവ്വഹിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കേണ്ടതും അപാകതകക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എം ബുക്ക് പ്രകാരം അവസാനത്തെ 15 മീറ്റർ ചെയിനേജിൽ 45.75 ചതുരശ്ര മീറ്റർ അളവിലാണ് 20mm Thick Open-Graded Bituminous Premix Carpet , Seal Coat എന്നിവ നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. 20mm Thick Open-Graded Bituminous Premix Carpet ന് 171.38 രൂപ നിരക്കിൽ GST ഉൾപ്പെടെ 8781.51 രൂപയും Seal Coat ന് 68.92 രൂപ നിരക്കിൽ GST ഉൾപ്പെടെ 3531.46 രൂപയും അനുവദിച്ചിട്ടുണ്ട്.

തെറ്റായ അളവുകൾ രേഖപ്പെടുത്തിയത് കാരണമാണ് ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് തുക നൽകുന്ന സാഹചര്യം സ്ഥാപനത്തിൽ ഉണ്ടായിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നതിലുണ്ടാകുന്ന വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. കരാറുകാരന് അധികമായി അനുവദിച്ച 12313 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

### 3-2 ചെയ്യാത്ത ഇനങ്ങൾക്ക് തുക നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ പേര് | 123/22, പുളിക്കൽ ക്ഷേത്രം റോഡ് റീടാറിംഗ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 280000 |
| ചെലവ് | 171183 |
| ബിൽ വിശദാംശം | 92/ 25-10-2021 |
| കരാറുകാരൻ | സുനിൽ കുമാർ |
| എഗ്രിമെന്റ് നമ്പർ | AE/LSGD/TKR/42/21-22 Dt.28.10.2020 |
| എസ്റ്റിമേറ്റ് നമ്പർ | 2020/60490 |
| എം ബുക്ക് നം | 91/2019-20 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 123/22 പുളിക്കൽ ക്ഷേത്രം പദ്ധതിയുടെ റോഡിന് കുറുകെ നിർമ്മിക്കുന്ന കലുങ്കിനടിയിൽ 3.2 നീളത്തിലും 2.6 വീതിയിലും 60 സെന്റിമീറ്റർ കനത്തിലും DR PAVING ചെയ്ത് അതിന് മുകളിൽ 3.2 മീറ്റർ നീളത്തിലും 2.6 മീറ്റർ വീതിയിലും 15 സെന്റിമീറ്റർ കനത്തിലും Bed Concreting നിർവ്വഹിച്ചതായും എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 16.01.23 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ മേൽ പറഞ്ഞ ഇനങ്ങൾ സൈറ്റിൽ നിർവ്വഹിച്ചിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.( DR PAVING ചെയ്ത് അതിന് മുകളിൽ Bed Concreting നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയ കലുങ്കിനടിയിൽ കമ്പെടുത്ത്

കുത്തി നോക്കിയപ്പോൾ കമ്പ് ചളിയിലേക്ക് ആഴ്ന്ന് പോവുകയുണ്ടായി) അപാകതകക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

3.2x2.6x0.6 അളവിൽ ആകെ 4.992 ഘനമീറ്റർ അളവിൽ DR PAVING ചെയ്തതായി രേഖപ്പെടുത്തി 2018.25 രൂപ നിരക്കിൽ GST ഉൾപ്പെടെ 11284 രൂപയും 3.2x2.6x0.15 അളവിൽ ആകെ 1.248 ഘനമീറ്റർ അളവിൽ Bed Concreting ചെയ്തതായി രേഖപ്പെടുത്തി 6974.53 രൂപ നിരക്കിൽ GST ഉൾപ്പെടെ 9749 രൂപയും കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 21033 രൂപയാണ് ചെയ്യാത്ത പ്രവൃത്തികൾക്കായി കരാറുകാരന് അനുവദിച്ചിട്ടുള്ളത്.

തെറ്റായ അളവുകൾ രേഖപ്പെടുത്തിയത് കാരണമാണ് ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് തുക നൽകുന്ന സാഹചര്യം സ്ഥാപനത്തിൽ ഉണ്ടായിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നതിലുണ്ടാകുന്ന വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും 21033 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

### 3-3 തൊഴിലുറപ്പ് പദ്ധതി - ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതൽ വിലക്ക് നിർമ്മാണ വസ്തുക്കൾ സപ്ലൈ ചെയ്തു

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ വസ്തുക്കൾ സപ്ലൈ ചെയ്യുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. സാദിക് അലി എന്ന കരാറുകാരൻ സമർപ്പിച്ച കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ 23.10.2020 ൽ കൂടിയ ഭരണ സമിതി അംഗീകരിക്കുകയും അന്നേ ദിവസം തന്നെ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. എന്നാൽ ഓരോ പ്രവൃത്തികൾക്കായി ടിയാൻ സപ്ലൈ ചെയ്ത നിർമ്മാണ വസ്തുക്കളിൽ ക്വാറി വേസ്റ്റിന് ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ കൂടിയ വിലക്കാണ് സൈറ്റിൽ ഇറക്കിയത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ക്വാറി വേസ്റ്റ് പ്രവൃത്തി ചെയ്ത അളവ് | ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്ത നിരക്ക്/എം3 | നൽകേണ്ടത് | കരാറുകാരൻ ആവശ്യപ്പെട്ട പ്രകാരം നൽകിയത് | അധികം നല്കിയത് |
|---|---|---|---|---|---|
| പുതുക്കുടി മീത്തൽ റോഡ് വാർഡ് 2 | 19.40 എം.3 | 850/- രൂപ | 850x19.4+5% GST = 17315/- | 1190x19.46 + GST= 24315/-(ക്യാഷ് ബിൽ നമ്പർ 2021/15 തിയ്യതി ഇല്ല) | 7000/- |
| പുതുക്കാട്ട് കടവ് റോഡ് വാർഡ് 15 | 33.11 എം.3 | 850/- രൂപ | 850x33.11+5% GST = 29551/- | 1190x31.48 + GST= 39334/- കരാറുകാരൻ ആവശ്യപ്പെട്ടത് 39336(ക്യാഷ് ബിൽ നമ്പർ 2022/005 | 9786/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | തിയ്യതി 15.12.2021) | | |

ക്വാറി വേസ്റ്റിന് സപ്ലയർക്ക 16786/- രൂപ അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 132.1.2023 ന് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 16786/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടക്കേണ്ടതാണ്.

### 3-4 സമയപരിധി കഴിഞ്ഞ് ഇലക്ഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകി .

2020 ഡിസംബർ മാസം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികൾ അടവാക്കിയ ഇലക്ഷൻ ഡെപ്പോസിറ്റ് സമയപരിധിക്കു ശേഷം തിരികെ നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 144(2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം മൂന്ന് മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. 2020 ഡിസംബർ മാസം തെരഞ്ഞെടുപ്പ് ഫലം വന്ന സാഹചര്യത്തിൽ നിക്ഷേപം 2021 മാർച്ച് മാസത്തിനകം സ്ഥാനാർത്ഥികൾക്ക് തിരിച്ച് നൽകേണ്ടതായിരുന്നു . എന്നാൽ പ്രസ്തുത സമയപരിധിക്കു ശേഷമാണ് ഇലക്ഷൻ ഡെപ്പോസിറ്റ് തിരികെ നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| തിയ്യതി | വൗച്ചർ നമ്പർ | അനുവദിച്ച തുക |
|---|---|---|
| 26.02.22 | 22100450 | 1000 |

സമയപരിധി കഴിഞ്ഞതിന് ശേഷം ഇലക്ഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റ് നിർവ്വഹിച്ച കാലയളവ് | അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2021-22 വർഷം സംയുക്ത പ്രൊജക്ടുകൾക്ക് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടേയും അവയുടെ വിനിയോഗത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50,000 | നെൽകൃഷിക്ക് വിത്തും കൂലിച്ചിലവും | 50,000 |
| | 2,55,000 | പച്ചക്കറി കൃഷിക്ക് കൂലിച്ചിലവ് | 2,55,000 |
| | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000 |
| ആകെ തുക | | | 5,05,000 |
| ജില്ലാ പഞ്ചായത്ത് | 60,000 | നെൽകൃഷിക്ക് വിത്തും കൂലിച്ചിലവും | 60,000 |
| | 3,00,000 | മുട്ടഗ്രാമം കുടുംബശ്രീ വനിത | 3,00,000 |
| | 1,05,000 | പശുഗ്രാമം വനിത | 1,05,000 |
| | 3,00,000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) | 3,00,000 |
| | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 |
| ആകെ തുക | | | 8,65,000 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 10,00,000 | 10,00,000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്ക് പ്രകാരം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു .

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ, തീയതി | സാമ്പത്തിക വർഷം | തൻ വർഷം വായ്പ | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | | | എടുത്ത തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് – ഹഡ്കോ വായ്പ | സ.ഉ.(എം.എസ്) 68/2018/ എൽ.എസ്.ജി.ഡി/ 18.5.2018 | 2021-22 | - | 79,29,928 | 11,58,666 | ഇല്ല | 67,71,262 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 26,48,174 |
| തൻവർഷം നിക്ഷേപിച്ച തുക | 1,65,511 |
| ആകെ | 28,13,685 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 28,13,685 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | കെ. ഡി. സി ബാങ്ക് FD No:100311807520293 | 1903211 | |
| 2 | കെ. ഡി. സി ബാങ്ക് FD No:100311807520240 | 910474 | |
| ആകെ | | 2813685 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-2001 | 9 | 2003-04 പൊതു പരാമർശം | 11-13-1(25) | പലഹാര നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |
| 2001-02 | 6 | 2003-04 പൊതു പരാമർശം | 11-13-1(26) | അലങ്കാരപ്പൂച്ചട്ടി നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |
| 1999-2000 | 29 | 2003-04 പൊതു പരാമർശം | 11-13-6-2 | കാർഷിക യന്ത്രവൽകരണം |
| 1999-2000 | | 2003-04 മറ്റ് പരാമർശം | 11-14 | ഫുട്ബാൾ കോച്ചിംഗ് ക്യാമ്പ് |
| 1998-99 ഡി.സി.ബി | | 2004-05 പൊതു പരാമർശം | 11-1-3-9 | നികുതി പിരിവിൽ അലംഭാവം |
| | | 2011-12 | 3-2-7 | ആസ്തി രജിസ്റ്റർ പരിപാലനം |
| | | 2011-12 | 3-2-9 | കണക്ടിവിറ്റി പ്ലാൻ |
| | | 2011-12 | 3-2-12-11 | മരാമത്ത് പണികളുടെ നടത്തിപ്പ് |
| | | 2011-12 | 3-2-20-10 | എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാർ അപര്യാപ്തം |
| | | 2011-12 | 3-2-13 | ഗുണഭോക്തൃ കമ്മറ്റി – മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| | | 2013-14 അവലോകനം | 6-1-2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല |
| | | 2013-14 അവലോകനം | 6-1-3 | പെർഫോമൻസ് ഗ്രാന്റ് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു |

| | | | | |
|---|---|---|---|---|
| 2015-16 | 3-5 | 2016-17 | 5-2-2 | മരാമത്ത് പ്രവൃത്തി – മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ അധികം ചെലവ് ചെയ്തു |
| 2014-15 | 2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-6 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ |
| 2016-17 | 2-2 | 2017-18 | 1-11-14 | വസ്തു നികുതി പരിഷ്കരണം - അപാകതകൾ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,61,78,548 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,44,78,752 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51,132 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,87,728 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 12,313 | ശ്രീമതി. എ. ഇ. ഷബില അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 21,033 | ശ്രീമതി. എ. ഇ. ഷബില അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - | 16,786 | ശ്രീ. സുനിൽകുമാർ.പി.ജി, സെക്രട്ടറി |
| 3-4 | | 1,000 | ശ്രീമതി .അഞ്ജലി .എ. എസ് ,സെക്രട്ടറി ഇൻ ചാർജ്ജ് |
| ആകെ | | 51,132 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 4,500 | ശ്രീമതി. സ്മിത കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-18 | 32,006 | ശ്രീമതി. എ. ഇ. ഷബില അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 47,788 | ശ്രീ. സുനിൽകുമാർ. പി.ജി, സെക്രട്ടറി |
| 1-33 | 3,03,434 | ശ്രീ. സുനിൽകുമാർ. പി.ജി, സെക്രട്ടറി |
| ആകെ | 3,87,728 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | ഇനം | തുക |
|---|---|---|
| 1-29 | ആദായനികുതി | 6,755 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സ്മിത കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ചാലിൽ, പന്നിക്കോട്ടൂർ, കൊടുവള്ളി, കോഴിക്കോട് |
| ശ്രീ.സുനിൽകുമാർ. പി.ജി, സെക്രട്ടറി | സെക്രട്ടറി, ഒളവണ്ണ ഗ്രാമ പഞ്ചായത്ത് | കൊയ്യാനത്ത് വീട്, മായനാട്, മെഡിക്കൽ കോളേജ്, കോഴിക്കോട്. |
| ശ്രീമതി. എ.ഇ. ഷബീല, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | പിഷാരത്ത്, കഞ്ഞോത്ത് പറമ്പ്, ചുള്ളിയോട് |

| | | |
|---|---|---|
| ശ്രീമതി .അഞ്ജലി . എ.എസ് | സെക്രട്ടറി ഇൻ ചാർജ്ജ് | അമ്മിണി , 26/305 എ, ഗോവിന്ദപുരം,കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1993-94 | എൽ.എഫ്.എസ്.2/1271/94 തി. 31.3.95 | 29 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(7) തി. 11.11.11 | 29, 32, 33 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(8) തി. 11.11.11 | 1എ, 2-1, 2-2, 2-3, 3-1, 4-1, 4-4 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(9) തി. 11.11.11 | 7,9,11,14 |
| 2001-02 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(10) തി. 11.11.11 | 6 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(11) തി. 11.11.11 | 1-1, 3-1, |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി2/ | 3-4, 3-6, 3-9, 3-10 |

| | | |
|---|---|---|
| | 1686/11(13) തി. 11.11.11 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി2 /1634/08 തി. 13.01.09 | 3-1, 3-4, 3-6-1, 3-6-2, 3-10, 3-11, 3-12, 3-13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി2/ 1241/09 തി. 15.10.09 | 3-6, 3-13, 3-15, 3-16, 3-18 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി2/ 1 322/10 തി. 20.12.10 | 3-3, 3-5, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 4-3 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി2/ 1322/10 തി. 20.12.10 | 2-1, 2-3, 2-5-(2),(3),(4),(5), 2-6, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12,3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30-3, 3-31-(1)(3)(4), 4-3, |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി2/ 1653/11 തി. 12.01.12 | 2-1-4, 2-1-5, 2-1-6, 2-1-7, 2-1-8, 2-2-1, 2-5, 2-6, 2-7,1, 2-7-2, 2-7-3, 2-12, 3-5, 3-6, 3-8, 3-9, 3-10-1, 3-10-2, 3-10-3, 3-11, 3-12, 3-13, 3-15-1, 3-15-2, 3-15-3, 3-16, 3-18 3-20, 3-22, 3-23, 3-24, 3-25, 3-26, |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി2/ 1536/12 തി. 10.6.13 | 2-1-4, 2-2, 2-4-1, 2-4-2, 2-4-3, 3-1-1, 3-1-2, 3-2, 3-3, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി2/ 246/13 തി. 20.7.13 | 2-2-1, 2-2-2, 2-2-3, 2-3-2, 2-4-1-2, 2-5,2-6-1, 2-6-3, 2-6-4, 3-1, 3-3, 3-6, 3-7, 3-8, 3-9, 3-11,3-12, 3-13, 3-14, 3-15, 3-16, 3-17, 3-18,3-19, 3-20,3-21, 3-22, 3-23 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി/പി 12/2044/14 തി. 4.3.15 | 1-2, 1-3, 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 4-1-1, 4-1-2, |
| 2013-14, | കെ.എസ്.എ.കെ.കെ.ഡി/പി12/ | 2-1, 2-2, 2-3-1, |

| | | |
|---|---|---|
| 2014-15 | 1656/15 തി. 27-10-15 | 2-3-2, 2-3-3,2-3-4, 3-1, 3-2, 3-3, 3-5, 3-9, 3-10, 3-11, 3-12, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.12 2301/16 തി. 12-10-17 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-5, 3-6, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.12 58/18 തി. 21/3/18 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.12 1369/19 തി. 2/9/19 | 1-12, 2-1, 2-2, 2-3, 3-1, 3-4, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.4/ 790/2020തീ.17.09.2020 | 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 4-8, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.4/ 799/2020 തീ.17.03.2021 | 1-8 മുതൽ 1-25 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.4/ 1530/2021 തീ.25.11.2021 | 1-1 മുതൽ 1-31 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1

## സമയപരിധി കഴിഞ്ഞ് യാത്രാബത്ത അനുവദിച്ചതിന്റെ വിശദാംശം

| യാത്ര നടത്തിയ ഉദ്യോഗസ്ഥന്റെ പേര് / തസ്തിക | യാത്ര നടത്തിയ തിയ്യതി | യാത്ര പുറപ്പെട്ട സ്ഥലം | എത്തിച്ചേർന്ന സ്ഥലം | യാത്രയുടെ ഉദ്ദേശ്യം | യാത്രാബത്ത | റിമാർക്ക്സ് |
|---|---|---|---|---|---|---|
| മിനി.കെ, അക്കൗണ്ടന്റ് | 13.01.20 | ആസ്ഥാനം | ചെങ്ങോട്ട് കാവ് | ബഡ്ജറ്റ് ട്രെയിനിംഗ് | 320 | യാത്ര ബസ്സിൽ |
| | 29.1.20 | " | മാവൂർ | " | 160 | ഔദ്യോഗിക വാഹനത്തിൽ |
| | 30.01.20 | " | കോഴിക്കോട് | ട്രഷറി ബിൽ സംബന്ധിച്ച് | 160 | " |
| ആകെ അനുവദിച്ചത് 640/- | | | | | | |
| രാജേഷ് .കെ സീനിയർ ക്ലർക്ക് | 10.01.20 | " | ചേളന്നൂർ | ഗുണഭോക്തൃലിസ്റ്റുമായി ബ്ലോക്ക് ഓഫീസിലേക്ക് | 320 | യാത്ര ബസ്സിൽ |
| | 27.01.20 | " | മൂടാടി | ദുരന്തനിവാരണം ട്രെയിനിംഗ് | 320 | യാത്ര ബസ്സിൽ |
| | 31.01.20 | " | കോഴിക്കോട് | കളക്ടറേറ്റ് | 160 | ഔദ്യോഗിക വാഹനത്തിൽ |
| ആകെ അനുവദിച്ചത് 800/- | | | | | | |
| സീന.എം | 11.01.20 | " | കോഴിക്കോട് | ട്രഷറി ബിൽ സംബന്ധിച്ച് | 250 | യാത്ര ബസ്സിൽ |
| | 31.01.20 | " | കോഴിക്കോട് | ഡി.ഡി.പി ഓഫീസിലേക്ക് | 125 | ഔദ്യോഗിക വാഹനത്തിൽ |
| ആകെ അനുവദിച്ചത് 375/- | | | | | | |
| ഹരിഹരൻ. അസി.സെക്രട്ടറി | 07.1.20 | " | ചേളന്നൂർ | ബ്ലോക്ക് ഓഫീസ് ലൈഫ് മീറ്റിംഗ് | 320 | യാത്ര ബസ്സിൽ |
| | 09.01.20 | " | കോഴിക്കോട് | കളക്ടറേറ്റ് | 320 | യാത്ര ബസ്സിൽ |
| | 12.01.20 | " | ചേളന്നൂർ | ബ്ലോക്ക് ഓഫീസ് ലൈഫ് മീറ്റിംഗ് | 320 | യാത്ര ബസ്സിൽ |
| | 16.1.20 | " | കോഴിക്കോട് | ടാഗോർഹാൾ മീറ്റിംഗ് | 320 | യാത്ര ബസ്സിൽ |
| | 22.01.20 | " | ചേളന്നൂർ | ബ്ലോക്ക് ഓഫീസ് ലൈഫ് മീറ്റിംഗ് | 320 | യാത്ര ബസ്സിൽ |
| ആകെ അനുവദിച്ചത് 1600/- | | | | | | |
| ഗോകുൽദാസ് | 07.01.20 | " | ഓമശ്ശേരി | മാസാന്ത്യ അവലോകനം | 320 | യാത്ര ബസ്സിൽ |
| | 15.01.20 | " | കോഴിക്കോട് | മനുഷ്യാവകാശ കമ്മീഷൻ | 320 | യാത്ര ബസ്സിൽ |
| | 17.01.20 | " | കോഴിക്കോട് | കളക്ടറേറ്റ് | 320 | യാത്ര ബസ്സിൽ |
| | 30.01.20 | " | കോഴിക്കോട് | ഡി.ഡി.പി ഓഫീസിലേക്ക് വിവരാവകാശം അപ്പീൽ | 320 | യാത്ര ബസ്സിൽ |
| ആകെ അനുവദിച്ചത് 1280/- | | | | | | |
| സീന.ഒ.എ | 04.01.20 | " | കോഴിക്കോട് | ട്രഷറിയിലേക്ക് | 125 | ഔദ്യോഗിക വാഹനത്തിൽ |

| | | | | | | |
|---|---|---|---|---|---|---|
| | 07.01.20 | “ | കോഴിക്കോട് | കളക്ടറേറ്റ് | 250 | യാത്ര ബസ്സിൽ |
| | 13.01.20 | “ | കോഴിക്കോട് | ഡി.ഡി.പി ഓഫീസിലേക്ക് | 250 | യാത്ര ബസ്സിൽ |
| | 14.01.20 | “ | കോഴിക്കോട് | ട്രഷറിയിലേക്ക് | 250 | യാത്ര ബസ്സിൽ |
| | 15.01.20 | “ | കോഴിക്കോട് | എസ്.ബി.ഐ ,കോഴിക്കോട് | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 18.01.20 | “ | കോഴിക്കോട് | ട്രഷറിയിലേക്ക് | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 24.01.20 | “ | കോഴിക്കോട് | ഡി.ഡി.പി ഓഫീസിലേക്ക് | 250 | യാത്ര ബസ്സിൽ |
| ആകെ അനുവദിച്ചത് 1375/- | | | | | | |
| നാരായണൻ.ഒ.എ | 20.01.20 | “ | കോഴിക്കോട് | ഡി.ഡി.പി ഓഫീസിലേക്ക് | 160 | ഔദ്യോഗിക വാഹനത്തിൽ |
| | 21.01.20 | “ | ചേളന്നൂര് | ബ്ലോക്ക് ഓഫീസ് | 160 | ഔദ്യോഗിക വാഹനത്തിൽ |
| | 28.01.20 | “ | കോഴിക്കോട് | ത്രിവേണിയിലേക്ക് | 160 | ഔദ്യോഗിക വാഹനത്തിൽ |
| | 30.01.20 | “ | കോഴിക്കോട് | ഡി.ഡി.പി ഓഫീസിലേക്ക് | 320 | യാത്ര ബസ്സിൽ |
| ആകെ അനുവദിച്ചത് 800/- | | | | | | |
| രഞ്ജിത്ത് ലാൽ | 01.01.20 | “ | പേരാമ്പ്ര | ഇറിഗേഷൻ ഓഫീസിലേക്ക് | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 03.01.20 | “ | കോഴിക്കോട് | എൽ.ഐ.സി കോഴിക്കോട്ടേക്ക് | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 04.01.20 | “ | കോഴിക്കോട് | ട്രഷറി ,ത്രിവേണിയിലേക്ക് | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 06.01.20 | “ | കോഴിക്കോട് | കളക്ടറേറ്റ് | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 12.01.20 | “ | ചേളന്നൂർ | ബ്ലോക്ക് ഓഫീസ് | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 15.01.20 | “ | കോഴിക്കോട് | ശുചിത്വമിഷൻ | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 16.01.20 | “ | കോഴിക്കോട് | ടാഗോർഹാൾ | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 17.01.20 | “ | കോഴിക്കോട് | സിവിൽ സ്റ്റേഷൻ | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 18.01.20 | “ | കോഴിക്കോട് | ട്രഷറി | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 20.10.20 | “ | കോഴിക്കോട് | ട്രഷറി | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 21.01.20 | “ | കോഴിക്കോട് | ട്രഷറി | 125 | ഔദ്യോഗിക വാഹനത്തിൽ |
| ആകെ അനുവദിച്ചത് 1 375/- | | | | | | |
| ഹരിഹരൻ. | 12.2.20 | “ | കോഴിക്കോട് | ട്രഷറി | 320 | യാത്ര ബസ്സില് |

| | | | | | | |
|---|---|---|---|---|---|---|
| അസി.സെക്രട്ടറി | | | | | | |
| | 14.2.20 | “ | കോഴിക്കോട് | ട്രഷറി | 160 | ഔദ്യോഗിക വാഹനത്തിൽ |
| ആകെ അനുവദിച്ചത് 48 0/- | | | | | | |
| ഗോകുൽദാസ് | 05.2.20 | “ | മാവൂർ | മാസാന്ത്യ അവലോകനം | 320 | യാത്ര ബസ്സില് |
| | 12.2.20 | “ | കോഴിക്കോട് | ഡി.പി.സി.ഹാളിലേക്ക് | 160 | ഔദ്യോഗിക വാഹനത്തിൽ |
| | 13.2.20 | “ | കോഴിക്കോട് | കളക്ടറേറ്റ് | 160 | ഔദ്യോഗിക വാഹനത്തിൽ |
| | 24.2.20 | “ | ചേളന്നൂർ | ബ്ലോക്ക് ഓഫീസിലേക്ക് | 160 | ഔദ്യോഗിക വാഹനത്തിൽ |
| ആകെ അനുവദിച്ചത് 800/- | | | | | | |
| രാജേഷ്, സീനിയർ ക്ലർക്ക | 05.02.20 | “ | കക്കോടി | ഇറിഗേഷൻ ഓഫീസിലേക്ക് | 320 | യാത്ര ബസ്സില് |
| | | “ | കോഴിക്കോട് | പ്ലാനിംഗ് ഓഫീസിലേക്ക് | 160 | ഔദ്യോഗിക വാഹനത്തിൽ |
| ആകെ അനുവദിച്ചത് 48 0/- | | | | | | |
| ഷെറിൻ .പി.വി സീ.ക്ലർക്ക് | 10.02.20 | “ | കിഴക്കോത്ത് | പഞ്ചായത്ത് ദിനാഘോഷം | 320 | യാത്ര ബസ്സില് |
| ആകെ അനുവദിച്ചത് 320/- | | | | | | |
| സദ്മ ,ക്ലർക്ക് | 4.2.20 | “ | കോഴിക്കോട് | ഡി.ഡി.പി ഓഫീസിലേക്ക് | 250 | യാത്ര ബസ്സില് |
| ആകെ അനുവദിച്ചത് 250/- | | | | | | |
| സീന.എം ,ഒ.എ | 4.2.20 | “ | കോഴിക്കോട് | ട്രഷറി | 250 | യാത്ര ബസ്സില് |
| | 10.2.20 | “ | കോഴിക്കോട് | എസ്.ബി.ഐ | 250 | യാത്ര ബസ്സില് |
| | 14.2.20 | “ | കോഴിക്കോട് | ട്രഷറി | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 15.2.20 | “ | കോഴിക്കോട് | ട്രഷറി | 125 | ഔദ്യോഗിക വാഹനത്തിൽ |
| | 24.2.20 | “ | കോഴിക്കോട് | ട്രഷറി | 250 | യാത്ര ബസ്സില് |
| | 26.2.20 | “ | കോഴിക്കോട് | ട്രഷറി | 250 | യാത്ര ബസ്സില് |
| ആകെ അനുവദിച്ചത് 1250/- | | | | | | |
| നാരായണൻ .ഒ.എ | 1.2.20 | “ | കോഴിക്കോട് | ട്രഷറി | 320 | യാത്ര ബസ്സില് |
| | 13.2.20 | “ | കോഴിക്കോട് | ഡി.ഡി.പി ഓഫീസിലേക്ക് | 320 | യാത്ര ബസ്സില് |
| ആകെ അനുവദിച്ചത് 640/- | | | | | | |
| രഞ്ജിത്ത് ലാൽ | 3.2.20 | “ | കോഴിക്കോട് | ട്രഷറി | 125 | ഔദ്യോഗിക വാഹനത്തില് |
| | 5.2.20 | “ | കോഴിക്കോട് | നളന്ദ ശിൽപശാല | 125 | ഔദ്യോഗിക വാഹനത്തില് |

| | | | | | | |
|---|---|---|---|---|---|---|
| | 6.2.20 | “ | കോഴിക്കോട് | ട്രഷറി | 125 | ഔദ്യോഗിക വാഹനത്തില് |
| | 11.2.20 | “ | കോഴിക്കോട് | ജില്ലാ പഞ്ചായത്ത് | 125 | ഔദ്യോഗിക വാഹനത്തില് |
| | 12.2.20 | “ | കോഴിക്കോട് | ജില്ലാ പഞ്ചായത്ത് | 125 | ഔദ്യോഗിക വാഹനത്തില് |
| | 13.2.20 | “ | കോഴിക്കോട് | ജില്ലാ പഞ്ചായത്ത് | 125 | ഔദ്യോഗിക വാഹനത്തില് |
| | 14.2.20 | “ | കോഴിക്കോട് | ട്രഷറി | 125 | ഔദ്യോഗിക വാഹനത്തില് |
| | 15.2.20 | “ | കോഴിക്കോട് | ട്രഷറി | 125 | ഔദ്യോഗിക വാഹനത്തില് |
| | 18.2.20 | “ | വയനാട് | വൈത്തിരി , ശിൽപശാല | 125 | ഔദ്യോഗിക വാഹനത്തില് |
| | 20.2.20 | “ | ചേളന്നൂർ | ബ്ലോക്ക് ഓഫീസിലേക്ക് | 125 | ഔദ്യോഗിക വാഹനത്തില് |
| | 22.2.20 | “ | കോഴിക്കോട് | ട്രഷറി | 125 | ഔദ്യോഗിക വാഹനത്തില് |
| | 24.2.20 | “ | ചേളന്നൂർ | ബ്ലോക്ക് ഓഫീസിലേക്ക് | 125 | ഔദ്യോഗിക വാഹനത്തില് |
| ആകെ അനുവദിച്ചത് 1380/- | | | | | | |
| സുനിൽ കുമാർ .പി.ജി ,സെക്രട്ടറി | 18.1.20 | “ | കോഴിക്കോട് | അഡ്വക്കേറ്റിന്റെ ഓഫീസിലേക്ക് | 400 | |
| | 19.1.20 | “ | തിരുവനന്തപുരം | നമ്മൾ നമുക്കായി മീറ്റിംഗിൽ പങ്കെടുക്കാൻ | 3612 | |
| | 31.1.20 | “ | കോഴിക്കോട് | ട്രഷറി | 400 | യാത്ര ബസ്സില് |
| ആകെ അനുവദിച്ചത് 4412/- | | | | | | |
| | 3.2.20 | “ | കോഴിക്കോട് | | 200 | ഔദ്യോഗിക വാഹനത്തില് |
| | 5.2.20 | “ | കോഴിക്കോട് | | 400 | യാത്ര ബസ്സില് |
| | 12.2.20 | “ | തൃശ്ശൂർ | അഫിഡവിറ്റ് ഫയൽ ചെയ്യാൻ | 1228 | യാത്ര ട്രെയിനിൽ |
| | 17.2.20 | “ | വയനാട് | | 520 | യാത്ര ബസ്സില് |
| | | “ | | | | |
| | 22.2.20 | “ | കോഴിക്കോട് | | 400 | യാത്ര ബസ്സില് |
| | 24.2.20 | “ | കോഴിക്കോട് | | 400 | യാത്ര ബസ്സില് |
| | 26.2.20 | “ | കോഴിക്കോട് | | 400 | യാത്ര ബസ്സില് |
| ആകെ അനുവദിച്ചത് 3548/- | | | | | | |
| ആകെ തുക 21805/- | | | | | | |